തൃശ്ശൂർ തൃപതയിൽ മാത്രം.

ദേവാലയധ്വംസനങ്ങൾക്കുശേഷം സക്കാരി സിംഹാസനം വളരെ മനോഹരമായും സ്വർണ്ണനിറത്തിലും Stainless steel (ക്രോമിയം) നിറത്തിലും ഉരുമ്പുസേഫ് ഉള്ളിൽഇറക്കി ക്ലാമ്പ ഫിറ്റുചെയ്തുകൊടുത്ത സ്ഥലങ്ങൾ:— ഇരിഞ്ഞാലക്കുട, കരുവന്നൂർ, പെരുമ്പുള്ളിശ്ശേരി, പുളിയിലക്കുന്ന്, പൊയ്യ, പാലക്കാടി, കല്ലേറുങ്കര, മമ്മിയൂർ, പാലക്കാട്, പേട്ട, Etc

A. N. T. JOSEPH (Phone: 6) Metal works, VALAPAD

Reg: No K. 61

തൊഴിലാളി

Founder: Father Vadakkan : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

വരവുചിലവിപ്പ്

	പോസ്റ്റ്ഫീസ്	പോസ്റ്റ്മാൻ
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക് വാരാന്ത്യപ്പതിപ്പ് അടക്കം		2_10
കാലപ്രതി	0_07	0_10

മാനേജർ.

വ്യാപ്തകം 12 | ലക്കം 119 | 1965 മേയ് 6 വ്യാഴം | തൃശ്ശൂർ | വില 7 പൈസ | പേജ് 4

പാകിസ്ഥാൻ പിൻവാങ്ങാതെ വെടിനിർത്തൽക്കരാറില്ല

ലോകസഭയിൽ ശാസ്ത്രിയുടെ പ്രഖ്യാപനം

കച്ചിൽ അതിർത്തിത്തർക്കമുണ്ടെന്ന് ഇന്ത്യ അംഗീകരിക്കുന്നില്ല

(പി. ടി. ഐ.) ന്യൂഡെൽഹി, മേയ് 5

പഴയ സ്ഥാനങ്ങളിലേയ്ക്ക പിൻവാങ്ങുകയെന്ന തത്വം പാകിസ്ഥാൻ അംഗീകരിക്കാതെ കച്ചിൽ വെടിനിത്തൽക്കരാറില്ലെന്നും പ്രധാനമന്ത്രി ശാസ്ത്രി ഇന്നു ലോകസഭയിൽ ആവത്തിച്ചിരിക്കുന്നു.

ഇന്ത്യയും പാകിസ്ഥാനും ഒരു വെടിനിത്തൽക്കരാറിൽ എത്തിയെന്ന വാർത്തയെ അദ്ദേഹം അസന്നിഗ്ദ്ധമായി നിഷേധിച്ചു.

കരാഴ്ചത്തേയ്ക്കു ഒരു വെടിനിർത്തൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള തത്വങ്ങളുടെ അടിസ്ഥാനത്തിൽ അവ പരിശോധിക്കപ്പെട്ടവരികയാണെന്നും അദ്ദേഹം അറിയിച്ചു.

സമാധാനപരമായ പരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങൾ നടക്കുന്നതിനിടയിൽ, മേറെ കക്ഷിയിൽനിന്നും പ്രകോപനമുണ്ടാകുന്നില്ലെങ്കിൽ, സ്ഥിതിഗതികളെ വഷളാക്കുന്ന യാതൊന്നും ഇന്ത്യൻ സായുധസേന ചെയ്യുകയില്ലെന്ന് ശാസ്ത്രി പറഞ്ഞു.

കച്ചിൽ എന്തെങ്കിലും അതിർത്തിത്തക്കം ഉള്ളതായി ഇന്ത്യാഗവമ്മെന്റ് അംഗീകരിക്കുന്നില്ലെന്നു ചോദ്യങ്ങൾക്കുത്തരമായി ശാസ്ത്രി പറഞ്ഞു.

വിജയപ്രദം

(റോയിട്ടർ) ലണ്ടൻ മേ. 5

റാൺ ഓഫ് കച്ചിൽ വെടിനിർത്തൽ നടപ്പാക്കാൻ താൻ നടത്തിവരുന്ന ശ്രമങ്ങളും വിജയപ്രദമാണെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി ഹാരോൾഡ് വിൽസൺ ഇന്നു പാർലമെൻറിൽ പറയുമെന്നു അഭിജ്ഞവൃത്തങ്ങൾ അറിയിച്ചു.

സ്ഥിതിഗതികളെപ്പറ്റിയുള്ള ആശങ്കകൾ നേരത്തെ ആഭ്യന്തരകാര്യ സ്റ്റേറ്റ്മന്ത്രി ജെ. എൽ. ഹാഥി നിഷേധിച്ചു. അപ്രതീക്ഷിതമായി ചാന്സലറെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നു അദ്ദേഹം പറഞ്ഞു. അവരിൽ ചിലരെ അസ്സാമിൽനിന്നാണ് അറസ്റ്റ് ചെയ്തത്. പക്ഷേ ഇന്ത്യയിലെ സിൽച്ചർ റെയിൽവേസ്റ്റേഷനടുത്തുണ്ടായ സ്ഫോടനവുമായി ഈ അറസ്റ്റുകൾക്കു ബന്ധമില്ല.

അല്പസമയത്തിനുള്ളിൽ അവിടെ എത്തേണ്ടിയിരുന്ന തീവണ്ടി അട്ടിമറിക്കാനുള്ള ഒരു ശ്രമമായിരുന്നു പ്രസ്തുത സ്ഫോടനമെന്ന കണക്കാക്കുന്നതിൽ തെറ്റില്ല. അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണത്തെ സഹായിക്കുന്നതിനും ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കുന്നതിനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. റെയിൽവേപ്പാളം ഇടക്കിടെ പരിശോധിക്കാനും നിർദ്ദേശം നൽകപ്പെട്ടിട്ടുണ്ട്.

കിഴക്കൻ പാക്കിസ്ഥാൻ അസ്സാം അതിർത്തിയിൽ അട്ടിമറിക്കാർ നുഴഞ്ഞുകയറാനും നടത്തുന്നുണ്ടെന്നും അട്ടിമറിപ്രവർത്തനങ്ങളിൽ മുഴുകുന്നുണ്ടെന്നും നേരത്തെ പി. വെടിനുസുബ്ബയ്യാ ആരോപണംനടത്തി. ഇൻറലിജൻസ് വകുപ്പ് ഉണരുന്നതു ജാഗ്രത പാലിക്കുന്നില്ലെന്നുള്ള ആരോപണങ്ങളെ നേരത്തെ ആഭ്യന്തരകാര്യ സ്റ്റേറ്റ്മന്ത്രി ജെ. എൽ. ഹാഥി നിഷേധിച്ചു. അപ്രതീക്ഷിതമായി ചാന്സലറെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നു അദ്ദേഹം പറഞ്ഞു. അവരിൽ ചിലരെ അസ്സാമിൽനിന്നാണ് അറസ്റ്റ് ചെയ്തു. പക്ഷേ ഇന്ത്യയിലെ സിൽച്ചർ റെയിൽവേസ്റ്റേഷനടുത്തുണ്ടായ സ്ഫോടനവുമായി ഈ അറസ്റ്റുകൾക്കു ബന്ധമില്ല.

അല്പസമയത്തിനുള്ളിൽ അവിടെ എത്തേണ്ടിയിരുന്ന തീവണ്ടി അട്ടിമറിക്കാനുള്ള ഒരു ശ്രമമായിരുന്നു പ്രസ്തുത സ്ഫോടനമെന്ന കണക്കാക്കുന്നതിൽ തെറ്റില്ല. അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണത്തെ സഹായിക്കുന്നതിനും ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കുന്നതിനുമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. റെയിൽവേപ്പാളം ഇടക്കിടെ പരിശോധിക്കാനും നിർദ്ദേശം നൽകപ്പെട്ടിട്ടുണ്ട്.

കിഴക്കൻ പാക്കിസ്ഥാൻ അസ്സാം അതിർത്തിയിൽ അട്ടിമറിക്കാർ നുഴഞ്ഞുകയറാനും നടത്തുന്നുണ്ടെന്നും അട്ടിമറിപ്രവർത്തനങ്ങളിൽ മുഴുകുന്നുണ്ടെന്നും നേരത്തെ പി. വെടിനുസുബ്ബയ്യാ ആരോപണംനടത്തി. ഇൻറലിജൻസ് വകുപ്പ് ഉണരുന്നതു ജാഗ്രത പാലിക്കുന്നില്ലെന്നുള്ള

കാത്തിരുന്നു, പക്ഷേ....

[റോയിട്ടർ] കറാച്ചി മെ. 4

റാൺ ഓഫ് കച്ചിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഒരു വെടിനിർത്തൽ ക്കാർ ആസന്നമാണെന്ന് ഇന്നലെ ഇവിടെ പരക്ക വിശ്വസിക്കപ്പെട്ടിരുന്നെങ്കിലും പ്രതീക്ഷിച്ചിരുന്ന പ്രഖ്യാപനം ഇന്നു വൈകിട്ടവരെ ഉണ്ടായില്ല.

'കൂടിയാലോചനകൾക്ക് അവസാനരൂപം നൽകിയശേഷം ഇന്നു രാത്രിയോ നാളെ രാവിലെയോ ഒരു പ്രഖ്യാപനമുണ്ടാകുമെന്ന' ഒരു പാക് വിദേശകാര്യാലയവക്താവ് ഇന്നലെ പത്രലേഖകരോട് പ്രസ്താവിച്ചതിനെത്തുടർന്നാണ് പ്രതീക്ഷകൾ രൂപംകൊണ്ടതു.

എട്ട് പാക് ഭടന്മാർ കൊല്ലപ്പെട്ട

(പി ടി ഐ) ജമ്മു, മേ. 4

ചാമ്പ് മുതൽ പുഞ്ചവരെയുള്ള മേഖലയിൽ ഇക്കഴിഞ്ഞ നാലുദിവസങ്ങളായി ഇന്ത്യൻ അതിർത്തി കാവൽഭടന്മാരുമായി നടന്ന സംഘട്ടനത്തിൽ 8 പാകപട്ടാളക്കാർ കൊല്ലപ്പെട്ടിരിക്കുന്നു. അവരുടെ ഏതാനും ആയുധങ്ങളും വെടിക്കോപ്പുകളും പിടിച്ചെടുത്തിട്ടുണ്ട്. ഇന്ത്യൻ പക്ഷത്തു രണ്ടു ഭടന്മാർ കൊല്ലപ്പെട്ടു.

ഇന്ത്യൻ ഉദ്യോഗസ്ഥസംഘം കി. പാക്കിസ്ഥാനിലേക്ക്

(പി ടി ഐ) കൽക്കട്ടാ, മെ 5

കിഴക്കൻ പാക്കിസ്ഥാനിലുള്ള ഇന്ത്യൻ സങ്കേതങ്ങളും സന്ദർശിക്കാൻപത്തു വർഷത്തിനിടയിൽ ഇന്നാദ്യമായി രണ്ടു ഇന്ത്യൻ ഉദ്യോഗസ്ഥസംഘങ്ങൾ അതിർത്തി കടന്നിരിക്കുന്നു. ഒരു സംഘം കൂച്ച്ബീഹാർ ഡപ്യൂട്ടി കമ്മീഷണറുടേയും മേറെ സംഘം കൂച്ച്ബീഹാർ പോലീസ്സൂപ്രണ്ടിൻറേയും നേതൃത്വത്തിലാണ്.

അയൂബ് സമ്മതിച്ചു

[റോയിട്ടർ] കറാച്ചി, മേ. 4

ബ്രിട്ടനും അമേരിക്കയും നൽകിയ ആയുധങ്ങളും മറവുകരണങ്ങളും സജ്ജീകരിക്കപ്പെട്ട ഒരു പാക് ബ്രിഗേഡ് ഇന്ത്യൻ കച്ചിൽ നടന്ന സംഘട്ടനത്തിൽ പങ്കെടുക്കുകയുണ്ടായെന്നു പാക് പ്രസിഡണ്ട് അയൂബ് സമ്മതിച്ചിരിക്കുന്നു.

പ്രസിഡണ്ടിൻറെ വസതിക്കുമുമ്പിൽ നടന്ന ഒരു ഗാർഡൻ പാർട്ടിയിൽവച്ചു അമേ. സ്ഥാനപതി വാർട്ടർ മക്നോട്ടിയും അയൂബും തമ്മിൽ നടന്ന ഹ്രസ്വസംഭാഷണത്തിലാണ് ഈ പ്രസ്താവന ഉണ്ടായതു. പാക് പ്രതിരോധമന്ത്രി മി. ഷുൽഫിക്കർ അലി ഭൂട്ടോയും സന്നിഹിതനായിരുന്നു.

ചൈനയ്ക്ക് അനുകമ്പ

(റോയിട്ടർ) പീക്കിങ്ങ് മെ. 4

റാൺ ഓഫ് കച്ചിൽ പാകിസ്ഥാൻ ഗവമെണ്ട് സ്വീകരിച്ചിട്ടുള്ള നീതിപൂർവ്വകമായ നിലപാടിൽ ചൈനീസ് ഗവമെണ്ടിനു തികച്ചും അനുകമ്പയുണ്ടെന്നും അതിനു പിന്തുണ നൽകുന്നുവെന്നും ഒരുദ്ധതപ്രസ്താവനയിൽ ന്യൂ ചൈനാ വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

റാൺ ഓഫ് കച്ചിൽ സംഘട്ടനത്തിനു പ്രകോപനമുണ്ടാക്കിയതു ഇന്ത്യയാണെന്ന് അതിൽ കുറപ്പെടുത്തിയിട്ടുണ്ട്.

ശുഭപ്രതീക്ഷ

പി. ടി. ഐ. കൽക്കട്ടാ മെ. 4

കച്ച് അതിർത്തി പ്രശ്നത്തിനു സമാധാനപരമായ ഒരു പരിഹാര. കണ്ടെത്തപ്പെടുമെന്നാണ് തൻറെ വിശ്വാസമെന്ന് കോമൺവെൽത്തു ബന്ധങ്ങൾക്കിയുള്ള ബ്രിട്ടീഷ് സ്റ്റേറ്റ് സെക്രട്ടറി എ. ജി. ബോട്ടാലി ഇന്നു രാത്രി ഇവിടെവച്ച് പ്രസ്താവിച്ചു.

....o....

ഗോവയുടെ ഭാവി

തീരുമാനം വേഗം വേണമെന്നാണ് ഗവ: ആഗ്രഹിക്കുന്നതെന്നു നന്ദ

[പി. ടി. ഐ.] ന്യൂഡൽഹി, മെ. 5

ഗോവയുടെ ഭാവിയെ സംബന്ധിച്ചു പ്രശ്നം പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്ന വളരെ നേരത്തെ തന്നെ ഒരു തീരുമാനമെടുക്കുവാൻ ഗവമെണ്ട് ആഗ്രഹിക്കുന്നവെന്നും അഭ്യന്തരകാര്യമന്ത്രി മി. നന്ദ ഇന്നു ലോക് സഭയിൽ പ്രസ്താവിച്ചു.

ഗോവയെ സംബന്ധിച്ച് ഒരു അവസാന തീരുമാനം എടുക്കുന്നതിന്നായുള്ള മെമ്പർമാരുടെ ആവശ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം.

ഒരു തീരുമാനമെടുക്കുവാൻ സാധിക്കുന്ന ഒരു സമയപരിധി തിട്ടപ്പെടുത്തുവാൻ തനിക്ക് സാധ്യമല്ലെന്നും അദ്ദേഹം പറഞ്ഞു.

മഹാരാഷ്ട്രനിയമസഭയും ഗോവാനിയമ സഭയും പാസ്സാക്കിയ പ്രമേയങ്ങൾ ഗവമെണ്ടിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്ന് അഭ്യന്തര വകുപ്പിലെ മന്ത്രി മി. ഹാഥി നേരത്തെ മി. യൂഡ്വീർ സിങ്ങിനെ അറിയിച്ചു.

ഗോവയുടെ ഭാവിയെപ്പറ്റി ചർച്ച ചെയ്യുന്നതിന്നു ഒരു വട്ടമേശ സമ്മേളനം വിളിച്ചു കൂട്ടുവാൻ ഗവമെണ്ടിന്നു ഉദ്ദേശിക്കുന്നില്ലെന്നു മി. ജോഷി ആൽപ്രയുടെ ചോദ്യത്തിന്നു മറുപടിയായി അഭ്യന്തരകാര്യ മന്ത്രി പറഞ്ഞു.

പല മെമ്പർമാരുടേയും നിർദ്ദേശത്തെ പേണയുള്ള ചോദ്യങ്ങൾക്കു സ്പീക്കർ അനുവാദം നല്കിയില്ല. ഗോവയെ മഹാരാഷ്ട്രയിൽലയിപ്പിക്കുന്നതു സംബന്ധിച്ച നിർദ്ദേശത്തോടുള്ള മൈസൂരിൻറെ എതിർപ്പ് മി. സി. ആർ. ബിസ്സപ്പ പ്രകടിപ്പിച്ചു. ഗോവയ്ക്കുള്ളും പുറത്തും അഭിപ്രായ ഭിന്നതയുള്ളതിനിടയിലും മൈസൂർ നിയമസഭയുടെ പ്രമേയത്തിൻറെ വെളിച്ചത്തിലും ഈ പ്രശ്നം നീട്ടി വെയ്ക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു.

മഹാരാഷ്ട്രയുമായി ഗോവയെ ഉടനെ ലയിപ്പിക്കണമെന്നു മി. പീറർ അൽവാരിസ് ആവശ്യപ്പെട്ടു. ഗോവാ പ്രശ്നത്തിന്മേൽ മഹാരാഷ്ട്രയും മൈസൂരും സമരം ചെയ്യുന്നതുവരെ കാത്തിരിക്കുവാൻ ഗവമെണ്ട് ഉദ്ദേശിക്കുന്നുണ്ടോ എന്നും മി. ഷിന്ദെയോദിച്ചു.

—

ജീവനുള്ള ബ്ലോക്കുകൾക്ക്

"തൊഴിലാളി" പ്രോസ്സസ് സ്റ്റുഡിയോ

P. B. No. 90 Phone : 125

തൃശ്ശൂർ

The Kandassankadavu Popular Bank Ltd.,

KANDASSANKADAVU.

NOTICE

Notice is hereby given that the 35th annual general meeting of the share holders of the Bank will be held at the office of the Bank on 29th May 1965 and the share transfer Books will remain closed from 15th to 29th May 1965 (Both days inclusive)

Kandassankadavu, 3_4 1965

By order of the Board
K. Raman Menon (Sd)
Managing Director.

ഡെമിനിക്കൻ വിപ്ലവം

വിപ്ലവസേന കൂടുതൽ ശക്തിയാർജ്ജിക്കുന്നു

(റോയിട്ടർ) സാന്തോഡൊമീങ്കോ, മേ. 5

യുദ്ധകലുഷിതമായ തലസ്ഥാനനഗരിയിൽ അമേ. സേനാസങ്കേതങ്ങളെ യോജിപ്പിക്കുന്ന തന്ത്രപ്രധാനമായ ഇടനാഴിയുടെ ഇരുവശങ്ങളിലും വിപ്ലവസൈനികർ വമ്പിച്ച തോതിൽ സൈനീക സജ്ജീകരണം നടത്തുന്നുവെന്നുള്ള വാർത്തയെത്തുടർന്ന് ഇവിടെ കനത്ത സംഘർഷം നിലനിൽക്കുന്നു.

വിപ്ലവസേന 12.300 ഭടന്മാരും ഒക്കെച്ചേർന്നുണ്ടെന്നാണ് കരുതുന്നതു അമേ. സൈനികവക്താവ് കണക്കാക്കി. റെബൽസേനകൾ കയ്യടക്കിയിട്ടുള്ള നഗരഭാഗം വേർതിരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇടനാഴിയുടെ ഇരുവശങ്ങളിലും അവർ വമ്പിച്ച സൈനീകസജ്ജീകരണം നടത്തുന്നുണ്ട്.

നേരത്തേ അമേ. പട്ടാളവും റെബൽ സേനകളും തമ്മിൽ രണ്ടുമണിക്കൂർ ദീർഘിച്ച വെടിവെപ്പ് നടന്നു. ഇന്നലെയുണ്ടായ ഏറ്റുമുട്ടലുകളും തമ്മിൽനടന്ന ഭയങ്കരമായ യുദ്ധത്തിൻറെ ഫലമായി തെരുവുകളിൽ മൃതഭേദങ്ങൾകുന്നുകൂടിക്കിടക്കുന്നു പത്തുദിവസമായി നടന്നുവരുന്ന ഈ വിപ്ലവത്തിൽ ഇതുവരെ ആയിരം പേരെങ്കിലും കൊല്ലപ്പെട്ടുകയും 12000പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ടെന്നു കണക്കാക്കപ്പെടുന്നു.

പുതിയ പ്രസിഡണ്ട്

ജുവാൻ ബോഷിൻറെ അനുകൂലിയായ കേണൽ ഫ്രാൻസ്സ്കോകമാനോയെ ഡൊമിനിക്കൻ റിപ്പബ്ലിക്കിൻറെ താൽക്കാലിക പ്രസിഡണ്ടായി തെരഞ്ഞെടുത്തുവെന്ന വാർത്ത വാഷിംഗ്ടൺനിൽവച്ചുണ്ടായപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്.

ഡൊമിനിക്കൻ കേൺഗ്രസ്സിൻറെ ഒരു അടിയന്തിരസമ്മേളനം ചേർന്നാണ് അദ്ദേഹത്തെ തെരഞ്ഞെടുത്തതെന്ന് സ്ഥാനഭ്രഷ്ടനായ പ്രസിഡണ്ട് ജുവാൻബോഷ് കഴിഞ്ഞതിരാത്രി പൂവർത്തോറിക്കോയിൽ വെളിപ്പെടുത്തി

വിപ്ലവം കമ്മ്യൂ. പ്രേരിതമാണെന്നുള്ള പ്രചാരണത്തിനു വിരാമമിടാൻ വേണ്ടിയാണ് ജനാധിപത്യ പാരമ്പര്യമുള്ള കേണൽകമാനോയെതെരഞ്ഞെടുത്തതെന്ന് ബോഷിനോടു ബന്ധപ്പെട്ട വൃത്തങ്ങൾ പറഞ്ഞു.

അദ്ദേഹം വിദ്യാഭ്യാസം നിർവ്വഹിച്ചതും സൈനീക പരിശീലനം നേടിയതുമെല്ലാം മേരിക്കയിലാണ്.

ഭാര്യയുടെ അഭ്യർത്ഥന

കേണൽ ഫ്രാൻസിസ്കോയുടെ നേതൃത്വത്തിൽ പുതിയ ഡൊമിനിക്കൻ ഗവമെണ്ടിനു പിന്തുണ നൽകാൻ സ്ഥാനഭ്രഷ്ടനായ ഡൊമിനിക്കൻ പ്രസിഡണ്ട് ജുവാൻ ബോഷിൻറെ ഭാര്യ മിസ്സിസ് ജുവാൻബോഷ് അമേ പ്രസിഡണ്ടിനോടും അമേ. ജനതയോടും അഭ്യർത്ഥിച്ചിരിക്കുന്നു.

'നിങ്ങളുടെ സഹായവും അനുകമ്പയുമാണ് ഞങ്ങൾക്കു വേണ്ടതു'; പട്ടാള മല്ല', ഒരു പത്രപ്രസ്താവനയിൽ അവർ പറഞ്ഞു.

.....o.....

ഗ്രൂപ്പയെ വിട്ടു; പിടിച്ചു

[പി. ടി. ഐ] ഇന്ദോർ, മേയ് 5

സന്യാൽ കൊലക്കേസിൻറെ പ്രതിഭാഗം വക്കീലായ കെ. കെ. ഗ്രൂപ്പയെ ആറുമാസത്തെ കഠിനതടവിനു ശിക്ഷിച്ചുകൊണ്ടുള്ള കീഴ്കോടതി വിധി റദ്ദാക്കി പ്രതിയെ വെറുതെ വിട്ടുകൊണ്ട് ഇന്ദോർ ഡിസ്ട്രിക്ട് ജഡ്ജി മി. കോസ്റ്റാർ വിധി പ്രസ്താവിച്ചിരിക്കുന്നു.

മേറെതെങ്കിലും കേസിൽ കസ്റ്റഡിയിലെടുക്കേണ്ടതില്ലെങ്കിൽ മി. ഗ്രൂപ്പയെ ഇതോടെ വിമുക്തനാക്കണമെന്നു ജഡ്ജി ഉത്തരവിട്ടു. എന്നാൽ വിധി ആയ ഉടനെ തന്നെ ഇന്ത്യൻ ശിക്ഷാനിയമം 420 വകുപ്പനുസരിച്ച് 1963_ൽ ഒരു കേസ്സു സംബന്ധിച്ച്, അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിൻറെ ഒരു വാറണ്ടപ്രകാരം ഇന്ദോർ പോലീസ് മി. ഗ്രൂപ്പയെ വീണ്ടും അറസ്റ്റുചെയ്തു. ഗ്രൂപ്പയെ മജിസ്ട്രേട്ടിൻറെ മുമ്പാകെ ഹാജരാക്കുകയും മേയ് 7_നു തിയതിവരെ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻറിൽവെക്കുവാൻ ഉത്തരവു കൊടുക്കുകയും ചെയ്തു.

....

കയ്റോ സന്ദർശിക്കാൻ ശാസ്ത്രിക്ക് ക്ഷണം

(പി ടി ഐ) കയ്റോ, മേ. 5

മോസ്കോസന്ദർശനത്തിനു മുമ്പോ പിന്നോ കയ്റോ സന്ദർശിക്കാൻ പ്രസിഡണ്ട് നാസ്സർ ഇന്ത്യൻ പ്രധാനമന്ത്രി ശാസ്ത്രിയെ ക്ഷണിച്ചിരിക്കുന്നു.

അഡിസ്അബേയ്സിൽ അടുത്തു നടക്കുന്ന ആഫ്രോ_ഏഷ്യൻ സമ്മേളനം ഉഭയപ്പെടെ നിരവധി അന്താരാഷ്ട്രീയ സംഭവവികാസങ്ങളെപ്പറ്റിയും ശാസ്ത്രിയുമായി ചർച്ചചെയ്യാൻ ഐക്യ അറബി റിപ്പബ്ലിക്ക് ആകാംക്ഷപൂർവ്വം കാത്തിരിക്കുകയാണ്.

പ്രധാനമന്ത്രി നെഹ്റുവിൻറെ കാലത്തു ഉണ്ടായിരുന്നതുപോലെയുള്ള ഉന്നതതലസമ്പർക്കം ന്യൂഡെൽഹിയും കയ്റോയും തമ്മിൽ തുടരണമെന്ന് നാസ്സറിനോടു ബന്ധപ്പെട്ട വൃത്തങ്ങളും പറഞ്ഞു.

—o—

മൌണ്ട് ബാറൻപ്പട്ടവിൻറെ സന്ദർശനങ്ങൾ

[പി. ടി. ഐ.] ന്യൂഡൽഹി, മേയ് 4

ബ്രിട്ടീഷ് സൈനിക മേധാവി മൌണ്ട് ബാറൻപ്പട്ട ഇന്നലെ നേപ്പാൾ ഡിഫൻറ് കോളേജ് സന്ദർശിക്കുകയും വിദ്യാർത്ഥികളോട് സംസാരിക്കുകയും ചെയ്തു.

പിന്നീട് അദ്ദേഹം കടിൽ വ്യവസായ എംപോറിയവും മറേചില കൌതുകശാലകളും കേന്ദ്രങ്ങളും സന്ദർശിച്ചു.

രാവിലെ രാജ്ഘട്ടും ശാന്തിവനവും സന്ദർശിച്ച് മഹാത്മജിക്കും നെഹ്റുജിക്കും ആദരാജ്ഞലികളും അർപ്പിക്കുകയുണ്ടായി.

പ്രസിഡണ്ട് രാധാകൃഷ്ണനേയും പ്രധാനമന്ത്രി ശാസ്ത്രിയേയും അദ്ദേഹം ഇന്നു സന്ദർശിക്കുന്നുണ്ട്.

.....

സിയാറൊ നടുക്കം

കമ്മ്യൂണിസത്തെ തുരത്താൻ പട്ടാളംമാത്രംപോര

[റോയിട്ടർ] ലണ്ടൻ മേ. 4

ഇന്തോനേഷ്യൻ ഗറില്ലകൾക്കെതിരായി മലയേഷ്യയിലെ കാടുകളിൽ നടക്കുന്ന യുദ്ധത്തിനു വേഗത്തിൽ ഒരു അവസാനം ഉണ്ടാവുകയില്ലെന്ന് ദക്ഷിണപൂർവ്വേഷ്യയിലെ സിയാറൊ രാഷ്ട്രങ്ങൾക്ക് ബ്രിട്ടൺ മുന്നറിയിപ്പു നൽകിയിരിക്കുന്നു.

സിയാറൊ മന്ത്രിതലസമ്മേളനത്തിൽ പ്രസംഗിക്കവെയാണ് ബ്രിട്ടൻറെ വിദേശകാര്യസിക്രട്ടറി മി. മിഖായേൽ സ്റ്റുവാർട്ട് ഈ മുന്നറിയിപ്പു നല്കിയതു.

ഇന്തോനേഷ്യ_മലയേഷ്യ തർക്കത്തിൻറെ ഒടുവിലത്തെ ഒരു വിലയിരുത്തൽ മി. സ്റ്റുവർട്ടു നടത്തുകയുണ്ടായെന്നു ഒരധികൃതവൃത്തം പറഞ്ഞു.

തൻറെ അരമണിക്കൂർ പ്രസംഗത്തിൻറെ ഒരു വിശദവിവരവും പുറത്തുവിടുന്നതിനിന്നും സിയാറൊ ഉദ്യോഗസ്ഥന്മാരെ, പാക്കിസ്ഥാൻ വിദേശകാര്യമന്ത്രി മി. ഭൂട്ടോ നിരോധിക്കുകയുണ്ടായി. ദക്ഷിണ_പൂർവ്വേഷ്യൻ പ്രശ്നത്തിൽ സംബന്ധിച്ചു പാക്കിസ്ഥാൻറെ അഭിപ്രായം മി. ഭൂട്ടോ കോൺഫറൻസിൽ വിശദീകരിച്ചുവെന്ന മാത്രം ഒരു സിയാറൊ വക്താവു പറഞ്ഞു. മറേ പ്രതിനിധികളുടെ സ്വരത്തിൽ തന്നെയായിരുന്നുവൊ ഭൂട്ടോയുടെ പ്രസംഗവുമെന്നു ഈ വക്താവിനോടു പോലീച്ചു. "എനിക്കു നിങ്ങളോടു പറയാൻ കഴിയില്ല_ഇന്നത്തെ ചർച്ചകളുടെ അന്തരീക്ഷം വളരെ സൌഹാർദ്ദപരമായിരുന്നു" വക്താവു മറുപടി നൽകി.

ദക്ഷിണ പൂർവ്വേഷ്യയിൽ സമാധാനം കൈവരുത്തുവൻ ദീർഘ കാലാടിസ്ഥാനത്തിൽ പ്രസംഗിക്കവെയാണ് ബ്രിട്ടൻറെ വിദേശകാര്യസിക്രട്ടറി മി. മിഖായേൽ സ്റ്റുവാർട്ട് ഈ മുന്നറിയിപ്പു നല്കിയതു.

ഇന്തോനേഷ്യ_മലയേഷ്യ തർക്കത്തിൻറെ ഒടുവിലത്തെ ഒരു വിലയിരുത്തൽ മി. സ്റ്റുവർട്ടു നടത്തുകയുണ്ടായെന്നു ഒരധികൃതവൃത്തം പറഞ്ഞു.

തൻറെ അരമണിക്കൂർ പ്രസംഗത്തിൻറെ ഒരു വിശദവിവരവും പുറത്തുവിടുന്നതിനിന്നും സിയാറൊ ഉദ്യോഗസ്ഥന്മാരെ, പാക്കിസ്ഥാൻ വിദേശകാര്യമന്ത്രി മി. ഭൂട്ടോ നിരോധിക്കുകയുണ്ടായി. ദക്ഷിണ_പൂർവ്വേഷ്യൻ പ്രശ്നത്തിൽ സംബന്ധിച്ചു പാക്കിസ്ഥാൻറെ അഭിപ്രായം മി. ഭൂട്ടോ കോൺഫറൻസിൽ വിശദീകരിച്ചുവെന്ന മാത്രം ഒരു സിയാറൊ വക്താവു പറഞ്ഞു. മറേ പ്രതിനിധികളുടെ സ്വരത്തിൽ തന്നെയായിരുന്നുവൊ ഭൂട്ടോയുടെ പ്രസംഗവുമെന്നു ഈ വക്താവിനോടു പോലീച്ചു. "എനിക്കു നിങ്ങളോടു പറയാൻ കഴിയില്ല_ഇന്നത്തെ ചർച്ചകളുടെ അന്തരീക്ഷം വളരെ സൌഹാർദ്ദപരമായിരുന്നു" വക്താവു മറുപടി നൽകി.

ദക്ഷിണ പൂർവ്വേഷ്യയിൽ സമാധാനം കൈവരുത്തുവൻ ദീർഘ കാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ ബ്രിട്ടൻ ഉദ്ദേശിക്കുന്നതായും അദ്ദേഹം പറഞ്ഞു.

സിയാറൊ സമ്മേളനത്തിൽ പ്രസംഗിക്കവെയാണ് ബ്രിട്ടൻറെ വിദേശകാര്യസിക്രട്ടറി മി. മിഖായേൽ സ്റ്റുവാർട്ട് ഈ മുന്നറിയിപ്പു നല്കിയതു.

ഇന്തോനേഷ്യ_മലയേഷ്യ തർക്കത്തിൻറെ ഒടുവിലത്തെ ഒരു വിലയിരുത്തൽ മി. സ്റ്റുവർട്ടു നടത്തുകയുണ്ടായെന്നു ഒരധികൃതവൃത്തം പറഞ്ഞു.

തൻറെ അരമണിക്കൂർ പ്രസംഗത്തിൻറെ ഒരു വിശദവിവരവും പുറത്തുവിടുന്നതിനിന്നും സിയാറൊ ഉദ്യോഗസ്ഥന്മാരെ, പാക്കിസ്ഥാൻ വിദേശകാര്യമന്ത്രി മി. ഭൂട്ടോ നിരോധിക്കുകയുണ്ടായി. ദക്ഷിണ_പൂർവ്വേഷ്യൻ പ്രശ്നത്തിൽ സംബന്ധിച്ചു പാക്കിസ്ഥാൻറെ അഭിപ്രായം മി. ഭൂട്ടോ കോൺഫറൻസിൽ വിശദീകരിച്ചുവെന്ന മാത്രം ഒരു സിയാറൊ വക്താവു പറഞ്ഞു. മറേ പ്രതിനിധികളുടെ സ്വരത്തിൽ തന്നെയായിരുന്നുവൊ ഭൂട്ടോയുടെ പ്രസംഗവുമെന്നു ഈ വക്താവിനോടു പോലീച്ചു. "എനിക്കു നിങ്ങളോടു പറയാൻ കഴിയില്ല_ഇന്നത്തെ ചർച്ചകളുടെ അന്തരീക്ഷം വളരെ സൌഹാർദ്ദപരമായിരുന്നു" വക്താവു മറുപടി നൽകി.

ദക്ഷിണ പൂർവ്വേഷ്യയിൽ സമാധാനം കൈവരുത്തുവൻ ദീർഘ കാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ ബ്രിട്ടൻ ഉദ്ദേശിക്കുന്നതായും അദ്ദേഹം പ

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 മേയ് 6-ാംന- വ്യാഴം

വിശപ്പിന്റെ വിപ്ലവം

—o—

ആരുമാരും അറിയാതെയും ആരാലും ശ്രദ്ധിക്കപ്പെടാതെയും, ഒരു വിപ്ലവത്തിന്റെ വിത്ത് നമ്മുടെ നാട്ടിൽ വീതയ്ക്കപ്പെട്ടിരിക്കുകയാണ്. ആ വിത്തു മുളക്കുന്നതിനും, വളരുന്നതിനുമുള്ള സാഹചര്യങ്ങളാണ് ഭരണസാരഥ്യം വഹിക്കുന്നവർ സജ്ജമാക്കുന്നതെങ്കിൽ, അതിഭീകരമായ ഒരു സ്ഥിതിവിശേഷമായിരിക്കും ഇവിടെ സംജാതമാകുക.

ലോകചരിത്രത്തിന്റെ ഏടുകൾ മറിച്ചുനോക്കുന്നവർക്ക്, 'ജാരഗന്ധി' ആളിപ്പടർന്നതിന്റെ ഫലമായി സമ്പൽസമൃദ്ധങ്ങളായിരുന്ന രാജ്യങ്ങൾപോലും തകർന്നു തരിപ്പണമായതിന്റെ അനേകം ഉദാഹരണങ്ങൾ കാണാൻ കഴിയുന്നതാണ്. സാമാന്യജനങ്ങളുടെ ക്ഷേമപ്രശ്നം തുലോകോടിയിൽത്തള്ളി വ ഭോഗാധികാരികൾ, സ്വാർത്ഥതല്പരരും സുഖലോലുപന്മാരുമായി ജീവിച്ചതിന്റെ ഫലമായി, വിശന്നുവലഞ്ഞ മനുഷ്യർ, അല്പം ആഹാരം കിട്ടുന്നതിനുവേണ്ടി, വെറും മാറ്റുമില്ലെന്നുകണ്ടാണ് വിപ്ലവങ്ങളിലേക്കു തിരിയാനിടയായിട്ടുള്ളത്. വിശപ്പിന്റെ വിപ്ലവം എന്നും ഭീകരമാകുമെന്നും, എന്നാൽപ്പിന്നെ അനർത്ഥങ്ങളാണ് നാടിനു വന്നുതിവെക്കുക എന്നും ഈ വിപ്ലവത്തിൽനിന്ന് കാണാവുന്നതാണ്. ഫ്രാൻസിലെ ജനത, പട്ടിണികിടന്നു നട്ടംതിരിഞ്ഞപ്പോൾ, അതിന് പരിഹാരം കാണുവാൻ ബാഹ്യസ്ഥരായിരുന്ന ഭരണാധികാരികൾ, അവരുടെ സുഖസൗകര്യങ്ങൾക്കുവേണ്ടി കൂടുതൽ കരം ചുമത്തിക്കൊണ്ടിരുന്നതിലായിരുന്നു വ്യഗ്രത പ്രകടമായിരുന്നത്. പട്ടിണിമരണം അന്നു ഫ്രാൻസിൽ സർവ്വസാധാരണമായിരുന്നു. ഒരു ദിവസം, പട്ടിണിമൂലം റോട്ടിൽ ബോധംകെട്ടുവീണ ഒരു കുട്ടിയുടെ പുറത്തുകൂടി, അന്നത്തെ രാജാവിന്റെ വണ്ടി കയറിപ്പോയി. ഒരു ജീവനെ രക്ഷിക്കേണ്ടതിനേക്കാൾ വിലയാണ് തന്റെ വണ്ടിക്ക് അന്നു രാജാവു നിശ്ചയിച്ചത്. ഇഷ്ടപ്പെടാത്തിരുന്ന രാജാവ്. പക്ഷേ ചോറിൽ മുങ്ങിയ മൃതദേഹവുമായി, കട്ടിയുടെ അമ്മ തെരുവിലൂടെ രാജകൊട്ടാരത്തിലേക്കു നീങ്ങിയപ്പോഴും, അതൊരു വലിയ ബാഹ്യജനമുന്നേറ്റമായി മാറി. വിശന്നുവലഞ്ഞ മനുഷ്യർ വിപ്ലവകാരികളായി. ജനതയുടെ പട്ടിണിക്ക് ഉത്തരവാദിയായിരുന്ന—രാജാവിനെ രക്ഷിക്കുന്നതിനുപോലും ആരുടെയും വന്നില്ല. ഒരു നിമിത്തമായിരുന്നു—രാജാവും പരിവാരവും ഗളഹസ്തം ചെയ്യപ്പെട്ടു. പാരീസിലെ തെരുവുകളിൽ ചോര തളംകെട്ടിനിന്നു.

ഇൻഡ്യ ജനാധിപത്യവ്യവസ്ഥിതിയിലാണെങ്കിലും, ഫ്രാൻസിലെ രാജാവിനെപ്പോലെ, ജനങ്ങളുടെ പട്ടിണിയെപ്പറ്റി യാതൊരു ചിന്തയുമില്ലാതെ നമ്മുടെ ധുരന്ധരന്മാർ പെരുമാറുന്നതുകാണുമ്പോൾ ചരിത്രത്തിലെ ആവർത്തനമാണോ എന്നു ഭയപ്പെടുന്നു. പാരീസിലെ തെരുവുകളിൽ ചോര തളംകെട്ടിനിന്നതുപോലെ, ഇന്ത്യയിലെ പല നഗരങ്ങളിലും ചോരപ്പുഴകൾ ഒഴുകുന്നതു കാണുവാൻ ഇടയാകുമോ എന്നു ഭയപ്പെടുന്നു. ഇന്ത്യയിൽ ഇന്നു നിലവിലിരിക്കുന്ന ഭരണസമ്പ്രദായത്തിനു മാറ്റം വരുത്തുവാൻ ഇനിയും സമയമുണ്ടെന്നു തോന്നുന്നില്ല. ഇനിയും വൈകിയാൽ, ഭരണാധികാരികൾക്കുപോലും ഒന്നും ചെയ്യുവാൻ കഴിയാതെ വരുന്ന ഒരു സ്ഥിതിവിശേഷം സംജാതമാകുന്നതാണ്. ഇപ്പോൾ ഭരണാധികാരികൾ ചെയ്യുന്നതെന്തെന്നാൽ, ഒരു വിപ്ലവത്തിന്റെ വിത്തു മുളക്കുന്നതിനും, വളരുന്നതിനുമുള്ള സാഹചര്യങ്ങളാണ്. ഭരണസാരഥ്യം വഹിക്കുന്നവർ സജ്ജമാക്കുന്നതെങ്കിൽ, അതിഭീകരമായ ഒരു സ്ഥിതിവിശേഷമായിരിക്കും ഇവിടെ സംജാതമാകുക.

—o—

400 കൊല്ലത്തെ പഴക്കമുള്ള മ്യൂനിച്ച് ബ്രൂവറി ഭണ്ഡാരം

മ്യൂനിച്ച് (ജർമ്മനി)—2,291 വജ്രങ്ങളും 406 രത്നങ്ങളും 209 പവിഴങ്ങളും മറ്റു സ്വാരകവസ്തുക്കളും മ്യൂനിച്ചിലെ സെൻറ് ജോജ്ജ് മന്ദിരത്തിൽ സൂക്ഷിക്കപ്പെട്ടു. ആ വിടെ കാണുന്ന സെൻറ് ജോജ്ജിന്റെയും വ്യാളത്തിന്റെയും രൂപങ്ങൾ സ്വർണ്ണനിർമ്മിതമാണ്. ബവേറിയൻ വെള്ളിയിലാണ് പീഠം നിർമ്മിച്ചിട്ടുള്ളത്. വളരെ വിലപിടിപ്പുള്ള ഈ സാധനം മ്യൂനിച്ചിലെ "റസിഡൻറ്" വകയാണ്. ഈ റസിഡൻറിന്റെ 400-ാമത്തെ വാർഷികം ഈ കൊല്ലം ആഘോഷിച്ചിരിക്കുന്നു. ബവേറിയായിലെ ആൽബട്ട് അങ്കമാനം അദ്ദേഹത്തിൻറെ പതിനെട്ടാമത്തെ വകതന്നെയാണ് ഇതെന്നു കാണിക്കുന്നതിനുവേണ്ടി ഈ സാധനങ്ങൾ പ്രദർശനത്തിനു വച്ചിരിക്കുന്നു. ഈ പ്രദർശനം ഒരു മാസത്തോളം നീണ്ടുനിൽക്കുന്നതാണ്.

—o—

ഇല: ബോർഡ് എംപ്ലോയിസ് യൂണിയൻയോഗം

[സ്വ. ലേ] കൊല്ലം, മേയ് 3

ഇലക്ട്രിസിറ്റി ബോർഡ് എംപ്ലോയിസ് യൂണിയൻ കൊല്ലം യൂണിറ്റിന്റെ ഒരു പൊതുയോഗം ആഫീസ് പരിസരത്തുവച്ച് വിൻസൻറിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ എം. ഉമ്മസേനൻ സ്വാഗതം ആശംസിക്കുകയും ശ്രീ. പി. ജെ. മാത്യു വൈസ് പ്രസിഡൻറ് പ്രസംഗിക്കുകയുചെയ്തു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ബോർഡിന്റെ ഇരട്ടത്താപ്പുനയത്തെ നിശിതമായി വിമർശിക്കുകയും, സർക്കാരിന്റെ കൊടുത്തിട്ടുള്ള മെമ്മോറാണ്ടം അംഗീകരിച്ച് കിട്ടുന്നതിനുവേണ്ടി വേണ്ടിവന്നാൽ ഒരു സമരം ചെയ്യേണ്ട ആവശ്യകതയെപ്പറ്റി ഉന്നിപ്പറയുകയുമുണ്ടായി. യോഗത്തിൽവച്ച് അദ്ദേഹത്തിന് ലഭിച്ച ഹാരം 27 രൂപയ്ക്ക് ലേലം വിളികേട്ടു.

—o—

യൂത്ത് കോൺഗ്രസ്സ് കൺവെൻഷൻ

തളിപ്പറമ്പ്, മേയ് 3

എ. പി. ഗോവിന്ദൻറെ അദ്ധ്യക്ഷതയിൽ ഇവിടെ കോൺഗ്രസ്സ് മന്ദിരത്തിൽവെച്ച് ചേർന്ന തളിപ്പറമ്പ് നിയോജകമണ്ഡലം യൂത്ത് കോൺഗ്രസ്സ് കൺവെൻഷനിൽ പ്ലീയറർ സിക്രട്ടറി, കെ. പി. ഗംഗാധരൻ, ടി. വി. രാഘവൻ എന്നിവർ സംബന്ധിക്കുകയുണ്ടായി. മേയ് അവസാനവാരത്തിൽ തളിപ്പറമ്പിൽവെച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു യുവജനകൺവെൻഷൻ സംഘടിപ്പിക്കുവാനും തീരുമാനിച്ചു.

—o—

മുഖപ്രസംഗം

സഹകരണത്തിലേക്കുള്ള വഴി പ്രസാദങ്ങളല്ല, പ്രസാദങ്ങളാണ്

: :എം. ഒ. ജോസഫ്, തൊടുകുന്നം: :

എടത്വാ സൺഡേ സ്കൂളിന്റെയും മരിയൻ ഗിൽഡിന്റെയും സംയുക്ത വാർഷിക സമ്മേളനത്തിൽ [25-4-65] ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ നിന്ന്.-

ഒരു സൺഡേ സ്കൂളിന്റെ വാർഷികത്തിൽ സംബന്ധിക്കുക, എന്നെ സംബന്ധിച്ചിടത്തോളം വളരെ ആനന്ദകരമായ സംഗതിയാണ്. ഏറെക്കാലം ഒരു സൺഡേ സ്കൂളിൽ അദ്ധ്യാപകനായിരുന്നു എന്നുള്ള മാത്രമല്ല ആ ആനന്ദത്തിനു കാരണം. കേരളീയ കത്തോലിക്കരെപ്പറ്റി സംബന്ധിച്ചിടത്തോളം ഇന്ന് അത്യന്താപേക്ഷിതമായ ഒരു പ്രസ്ഥാനമാണ് സൺഡേ സ്കൂൾ എന്നു ഞാൻ വിശ്വസിക്കുന്നതുകൊണ്ടുകൂടിയാണ് ഞാൻ സന്തുഷ്ടനാണെന്നുള്ളതുകൊണ്ടുകൂടിയാണ്. ഒരു കത്തോലിക്കനും അവന്റെ മതകാര്യങ്ങളും പഠിക്കുന്നതിനു ഇന്ന് അവശേഷിച്ചിരിക്കുന്ന ഏകമാർഗ്ഗം സൺഡേ സ്കൂൾ ആണല്ലോ, കുട്ടികളെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളെയാണ് സൺഡേ സ്കൂൾ എന്ന പദംകൊണ്ട് നാം വിവക്ഷിക്കുന്നത്. ഇന്നത്തെ സൺഡേ സ്കൂളുകളിൽ മതകാര്യങ്ങൾമാത്രമല്ല, വേണ്ടതുപോലെ, പഠിപ്പിക്കുന്നുണ്ടോയെന്നതു മറ്റൊരു പ്രശ്നമാണ്. ഞാൻ അതിനെ ആത്യന്തികമായ ലക്ഷ്യത്തെയാണ് സൂചിപ്പിച്ചതു്. അതു മറ്റത്തായ ഒരു ലക്ഷ്യമാണ്താനും. നമ്മുടെ കർത്താവുതന്നെ ശിഷ്യന്മാരെക്കുറിച്ച 'നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളേയും ശിഷ്യരാക്കി....ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിപ്പിൻ' (മത്താ: 28, 19-20) എന്നതാണ്. ക്രിസ്തു കല്പിച്ചിട്ടുള്ളതെല്ലാം പഠിപ്പിക്കുകയെന്നതിനെക്കാൾ മഹത്തായ ഒരു ശ്രേഷ്ഠത വേലയില്ല.

ക്രിസ്തുവിന്റെ ആ അന്തിമ നിർദ്ദേശമാണ് സൺഡേ സ്കൂളുകളെ നിലവിൽ വരുത്തിയത്. ഒരു വിധത്തിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ ആ ആജ്ഞ അനുവർത്തിക്കുന്ന ഏതു സ്ഥാപനവും വ്യാപകാർത്ഥത്തിൽ സൺഡേ സ്കൂളുകളാണെന്നപറയാം. പക്ഷേ പ്രായത്തിലെ സൺഡേ സ്കൂളുകളെ ഇന്ന് അതിന്റെ ലക്ഷ്യം സാധിക്കുന്നുണ്ടോയെന്ന ചോദിച്ചാൽ, ഉവ്വെന്നു പറയുവാൻ വളരെ പ്രയാസമായിട്ടാണ് കാണുന്നതു്. അതിനു പല ഇടവകകളിലും കരുതിപ്പോരുന്നതുതന്നെ കാരണം. കുലിയില്ലാത്ത വേല എത്തിയേടത്തു് എത്തിയെന്നമാത്രമേ അതേപ്പറ്റി പറയുവാനുള്ളൂ.

പഠിപ്പിക്കുവാനുള്ള അധികാരവും പ്രമാണവും ദൈവത്തിൽനിന്നു നേരിട്ടു പ്രാപിച്ചിട്ടുള്ളവരാണല്ലോ വൈദികർ. "നിങ്ങൾ പോയി എല്ലാ ജാതികളെയും..... പഠിപ്പിക്കുക" എന്ന കല്പന പ്രായോഗികമാക്കുവാൻ മറ്റാരേക്കാളും പ്രമാണം അതിനൊരു കാരണമാണ്. ഒരു കത്തോലിക്കനു് അവന്റെ മതകാര്യങ്ങളും പഠിക്കുന്നതിനു് ഇന്നു് അവശേഷിച്ചിരിക്കുന്ന ഏകമാർഗ്ഗം സൺഡേ സ്കൂളാണല്ലോ, കുട്ടികളെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിനു് ഉദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളെയാണ് സൺഡേ സ്കൂൾ എന്ന പദംകൊണ്ടു് നാം വിവക്ഷിക്കുന്നതു്. ഇന്നത്തെ സൺഡേ സ്കൂൾ മതകാര്യങ്ങൾമാത്രമല്ല, വേണ്ടതുപോലെ, പഠിപ്പിക്കുന്നുണ്ടോയെന്നതു് മറ്റൊരു പ്രശ്നമാണു്. ഞാൻ അതിനെ ആത്യന്തികമായ ലക്ഷ്യത്തെയാണു് സൂചിപ്പിച്ചതു്. അതു മറ്റത്തായ ഒരു ലക്ഷ്യമാണ്താനും. നമ്മുടെ കർത്താവുതന്റെ ശിഷ്യന്മാരെക്കുറിച്ച 'നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളേയും ശിഷ്യരാക്കി....ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിപ്പിൻ' (മത്താ: 28, 19-20) എന്നതാണ്. ക്രിസ്തു കല്പിച്ചിട്ടുള്ളതെല്ലാം പഠിപ്പിക്കുകയെന്നതിനെക്കാൾ മഹത്തായ ഒരു ശ്രേഷ്ഠത വേലയില്ല. ക്രിസ്തുവിന്റെ ആ അന്തിമ നിർദ്ദേശമാണ് സൺഡേ സ്കൂളുകളെ നിലവിൽ വരുത്തിയത്. ഒരു വിധത്തിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ ആ ആജ്ഞ അനുവർത്തിക്കുന്ന ഏതു സ്ഥാപനവും വ്യാപകാർത്ഥത്തിൽ സൺഡേ സ്കൂളുകളാണെന്നപറയാം. പക്ഷേ പ്രായത്തിലെ സൺഡേ സ്കൂളുകളെ ഇന്നു് അതിന്റെ ലക്ഷ്യം സാധിക്കുന്നുണ്ടോയെന്ന ചോദിച്ചാൽ, ഉവ്വെന്നു പറയുവാൻ വളരെ പ്രയാസമായിട്ടാണ് കാണുന്നതു്. അതിനു പല ഇടവകകളിലും കരുതിപ്പോരുന്നതുതന്നെ കാരണം. കുലിയില്ലാത്ത വേല എത്തിയേടത്തു് എത്തിയെന്നമാത്രമേ അതേപ്പറ്റി പറയുവാനുള്ളൂ.

പഠിപ്പിക്കുവാനുള്ള അധികാരവും പ്രമാണവും ദൈവത്തിൽനിന്നു നേരിട്ടു പ്രാപിച്ചിട്ടുള്ളവരാണല്ലോ വൈദികർ. "നിങ്ങൾ പോയി എല്ലാ ജാതികളെയും..... പഠിപ്പിക്കുക" എന്ന കല്പന പ്രായോഗികമാക്കുവാൻ മറ്റാരേക്കാളും പ്രമാണം അതിനൊരു കാരണമാണ്. ഒരു കത്തോലിക്കനും അവന്റെ മതകാര്യങ്ങളും പഠിക്കുന്നതിനു് ഇന്നു് അവശേഷിച്ചിരിക്കുന്ന ഏകമാർഗ്ഗം സൺഡേ സ്കൂളാണല്ലോ, കുട്ടികളെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിനു് ഉദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളെയാണ് സൺഡേ സ്കൂൾ എന്ന പദംകൊണ്ടു് നാം വിവക്ഷിക്കുന്നതു്. ഇന്നത്തെ സൺഡേ സ്കൂളുകളിൽ

67ൽ പട്ടംതാണുപിള്ളകോൺ: പിന്താങ്ങോടെ തെരഞ്ഞെടുപ്പിൽ മത്സരിക്കും

കോൺഗ്രസ്സിൽ ഒരു 'മേനോൻ ഗ്രൂപ്പ്'' ഉരുത്തിരിയുന്നു_കേരളാ കോൺഗ്രസ്സിൽനിന്നും പലരും വേലിപൊളിച്ചകടന്നുവെന്ന്_മന്ത്രിസഭാ രൂപീകരണം ഗർഭമായുണ്ടായ മറ്റൊരു രാഷ്ട്രീയവന്ധ്യനയ്ക്കുള്ള ഒരുക്കം മാത്രം

(സ്വന്തം ലേഖകൻ) തിരു. മേ. 5

67ൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ പട്ടം താണുപിള്ള കേരളത്തിൽനിന്നു് കോൺഗ്രസ്സ് പിന്തുണയോടെ മത്സരിക്കുന്നതാണെന്നും ശേഷിച്ചകാലംകൂടി കേരള രാഷ്ട്രീയത്തിൽ ഒരു "മറിനോക്കാൻ" താൻ തീരുമാനിച്ചിരിക്കയാണെന്നും അദ്ദേഹവുമായി അടുത്ത ബന്ധമുള്ള കേന്ദ്രങ്ങളിൽനിന്നും എനിക്കു സൂക്ഷ്മമായി വിവരം കിട്ടിയിരിക്കുന്നു.

അതിനുള്ള പശ്ചാത്തലം ഒരുക്കലാണു് കഴിഞ്ഞ രാഷ്ട്ര പട്ടം കേരളത്തിൽ നടത്തിയ സന്ദർശനമാണെന്നും അതൊക്കെ ഏതാണ്ടു് ശരിയായിക്കഴിഞ്ഞിട്ടുണ്ടെന്നും അറിവായിട്ടുണ്ടു്.

വലിയ പൃഥിവേന്ദ്ര

67ൽ പട്ടം താണുപിള്ളയുടെ ഗവണ്മെന്റ് പദവി അവസാനിക്കുകയാണു്. അതിനുശേഷമുള്ള തന്റെ ഭാവിയെപ്പറ്റി അദ്ദേഹം കേന്ദ്രനേതാക്കളുമായി ചില ആലോചനകളെല്ലാം ഈ അടുത്ത അവസരത്തിൽ നടത്തിനോക്കിയെങ്കിലും ഉദ്ദേശിച്ചപോലുള്ള ഉറപ്പുകളൊന്നും ലഭിച്ചിട്ടില്ലെന്നാണറിയുന്നതു്. അശോകമേത്തയെപ്പോലെ എന്തെങ്കിലും ഭേദപ്പെട്ട സ്ഥാനം അടിച്ചെടുക്കാനാകുമോ എന്നായിരുന്ന പിള്ളസാറിന്റെ നോട്ടം. അവിടേക്കൊന്നും തൊട്ടുവിക്കേണ്ട ഭാവം കേന്ദ്രത്തിനുണ്ടായിരുന്നില്ലെന്നു മാത്രമല്ല, വരുന്ന തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും ഒരു സീറ്റിൽനിന്നു് മത്സരിക്കുന്നപക്ഷം കോൺ: പിന്താങ്ങു് തന്നെ വിക്കാമെന്നു് കേന്ദ്രനേതൃത്വം വാക്കാൽ സമ്മതിച്ചിട്ടുണ്ടു്. അതിനു് മന്നം തുടങ്ങിയവരെ ചാക്കിട്ടുപിടിക്കേണ്ട ഭാരം പട്ടത്തിനെ കേന്ദ്രം ഏല്പിച്ചിട്ടുമുണ്ടു്. അതിനുള്ള വലവീശലും പട്ടം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. വാഴൂർ വിദ്യാധരകോളെജിന്റെ തറക്കല്ലിടൽ യോഗത്തിൽ മന്നത്തെ ശ്രീകൃഷ്ണനായി ഉപമിച്ചു് പട്ടം പ്രസംഗിച്ചതും മറവും ഇവിടെ സ്മരിക്കാവുന്നതാണു്.

കരുക്കൾ നീക്കുന്നു

ഗതികേടിന്റെ വല്ലപ്പുംകൊണ്ടാണു് പട്ടം കോൺ. പിന്താങ്ങോടെ മത്സരിക്കാനുള്ള തീരുമാനത്തിലെത്തിയതെന്നും അറിവായിട്ടുണ്ടു്. സംയുക്തമന്ത്രിസഭയിൽ നിന്നു് ഗവണ്മെന്റ് പദവിച്ചെ കൊഴിച്ചേ തീരൂ എന്ന നിലയിൽ പട്ടത്തിന്റെ ഒളിച്ചോട്ടം അദ്ദേഹത്തിന്റെ ആരാധകരിൽ ഒരു വലിയവിഭാഗത്തിന്റെ അമർഷത്തിനിടയാക്കിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ അധികാരദുർമ്മദം പോറി, ചന്ദ്രശേഖരന്മാരുംകൂടി ഇറങ്ങിപ്പോരേണ്ടി വന്നതിലാണു് അവരുടെ അമർഷം മുഴുക്കെ പുകയുന്നതു്. അങ്ങനെ അമർഷമുള്ള തന്റെ ശിഷ്യഗണത്തിന്റെ മുമ്പിൽ ചെന്നു് വന്നതൊറിനു് മാപ്പു് ചോദിക്കാൻ പട്ടത്തിനു ധൈര്യമില്ല. അതുകൊണ്ടു് സോഷ്യലിസ്റ്റ് ക്യാമ്പിൽ ചെന്നു് മുട്ടാൻ അദ്ദേഹം മടിക്കുകയാണു്. അവറ്റയ്ക്കു് കോൺഗ്രസ്സിന്റെ പിന്താങ്ങോടെയാണെങ്കിലും ഒന്നുകൂടി ജനപ്രതിനിധിസ്ഥാനം ഉറപ്പിച്ചെടുക്കാൻ കഴിഞ്ഞാൽ അതൊരു നേട്ടമല്ലേ എന്നാണു് ഇപ്പോൾ മൂപ്പിന്നിന്റെ ചിന്ത. അതിന്റെ അടിസ്ഥാനത്തിലാണു്. പട്ടം രാഷ്ട്രീയരംഗത്തു് സാവകാശം കരുക്കൾ നീക്കിക്കൊണ്ടിരിക്കുന്നതും

കോൺഗ്രസ്സിൽ ഒരു മേനോൻഗ്രൂപ്പ്

കഴിഞ്ഞ ദിവസം കോമത്തിൽ നടത്തിയ സന്ദർശന വേളയിൽ അദ്ദേഹം മന്നത്തു് പത്മനാഭനുമായി ഔപചാരികമായ ചർച്ചകളും നടത്തുകയുണ്ടായി. ശങ്കറിനെതിരെ ഒരു മേനോൻ ഗ്രൂപ്പു് സംഘടിപ്പിച്ചു് വരുന്ന പ്രായശ്ചം അധികാരം പിടിച്ചെടുക്കാൻ മന്നത്തിന്റെ സഹായമുണ്ടെങ്കിൽ സാധിക്കുമെന്നു് അദ്ദേഹം മന്നത്തെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടു്. കേരളാ കോൺഗ്രസ്സിന്റെ ആത്മാവും ശരീരവുമായി നിന്നിരുന്ന മന്നം ഇയ്യിടെ രാഷ്ട്രീയ രംഗത്തുനിന്നു് വിട്ടുമാറി നിശബ്ദത പാലിക്കുന്നതും ഗവണ്മെന്റുപദം വേണ്ടെന്നു പറഞ്ഞു് കെ. പി. മാധവൻനായർ കൈകഴിയുകയും, പനമ്പിള്ളിഗോവിന്ദമേനോൻ കേന്ദ്രത്തിൽ ഒരു നല്ല പിള്ളയായി ചമഞ്ഞു് നടക്കുന്നതുമെല്ലാം ഈ മേനോൻ ഗ്രൂപ്പിന്റെ അസ്ഥിവാരത്തിലേക്കു് വെളിച്ചം വീശുന്നതാണു്. കഴിഞ്ഞ ദിവസം ആലുവായിൽ ചേന്ന കോൺ:നേതൃസമ്മേളനത്തിൽ ശങ്കറിനെതിരെ ഉയർന്ന ആരോപണങ്ങളുടെ പിന്നിലും ഈ പുതിയ മേനോൻ ഗ്രൂപ്പിന്റെ വിദ്ധകരങ്ങാം ഉണ്ടെന്നതു് ഒരു സത്യം മാത്രമാണു്. അവസാനം ആരോപണങ്ങളുടെ മൂച്ചു് കൂടിയപ്പോൾ ശങ്കർ രാജി വാഗ്ദാനം നടത്തുകയാണത്രെ ഉണ്ടായതു്. ഇതെല്ലാം തെളിയിക്കുന്നതു്. ഒരു സുശക്തമായ മേനോൻ ഗ്രൂപ്പ് കോൺഗ്രസ്സിന്റെ അണിയറയിൽ ശക്തി പ്രാപിച്ചു വരുന്നുണ്ടെന്നുള്ളതാണു്. മന്നവും പട്ടവും കൂടിചേന്നാൽ ആ ഗ്രൂപ്പു് വളരെയേറെ സുശക്തമാകുമെന്നും അവരുടെ വരുതിയിൽ കേന്ദ്രത്തെ തമ്പ്യാനാകുമെന്നുമാണു് ഇപ്പോഴത്തെ കണക്കുകൂട്ടൽ.

താരതമ്യേന സവർണ്ണസ്വീകാര്യത കൂടുതലുള്ള ജയിനെ കത്തോലിക്കനാകുമെന്നും അവർക്കു് അഭിപ്രായമുണ്ടു്. മദ്യനിരോധനം വേണ്ടെന്നുവയ്ക്കാനുള്ള ജയിന്റെ ശ്രമങ്ങൾക്കുമുമ്പിൽ ഈ ഗ്രൂപ്പു് നിശ്ശബ്ദത പാലിച്ചപ്പോൾ ശങ്കർഗ്രൂപ്പു് ആ നയത്തെ എതിർത്തതും ഇയവസരത്തിൽ അത്ഗർഭമാണു്.

മന്നത്തിന്റെ കേരളാ കോൺ: പ്രേമം

മന്നത്തെ സംബന്ധിച്ചിടത്തോളം പാലു കുഞ്ഞിരപ്പള്ളി പ്രദേശത്തെ മാപ്പിളമാരുടെ കരം വണം എൻ. എസ്. എസ്. കനകപ്പുഴവിലിക്കേവേണ്ടി തട്ടിയെടുക്കാനുള്ള ഒരു തട്ടിപ്പുമാത്രമായിരുന്ന തെരഞ്ഞെടുപ്പുകാലത്തെ കേരളാ കോൺ. പ്രേമം. കനകപ്പുഴവിലിക്കു് ഉദ്ദേശിച്ചതിൽ കൂടുതൽ തുക കിട്ടി. പ്രതിനന്ദിയെന്നോണം തെരഞ്ഞെടുപ്പിൽ അദ്ദേഹം വില്ലൻപാട്ടു് കെട്ടി. കാര്യങ്ങാം ഉദ്ദേശിച്ചപോലെ നടന്നു.

ഇനി അത്തരം പണിക്കൊന്നും മന്നം മിനക്കെടുന്നു് മുമ്പേ വിളിച്ചുപറഞ്ഞിട്ടുണ്ടു്. പുള്ളിക്കാരന്റെ ശേഷിച്ച ആവശ്യം കൊടിയൂരിലെ കടിയിറക്കു്, ഏതാനും കോളേജ്കാം അടിച്ചെടുക്കൽ. ഉടങ്ങിയവയാണു്. അതിനു് ജയിൻ സക്കാരിന്റെ പിന്താങ്ങു് വേണം ആ താപ്പു്നോക്കിത്തന്നെയാണു് മന്നം പടം മടക്കി മാളത്തിൽ പോയതും.

പിന്നീടു് കേരളാ കോൺഗ്രസ്സിന്റെ പല പരിപാടികളും ഉണ്ടായി. മൈസൂരിൽ ചേന്ന രബൽസമ്മേളനത്തിൽകേരളാകോൺ: നേതാക്കാം പങ്കുകൊണ്ടു. മന്നം അതിനെപ്പറ്റി ഒരക്ഷരം മിണ്ടിയില്ല. തൃശ്ശൂരിൽ സ്റ്റേറ്റ് സമ്മേളനംനടത്താനുള്ള എല്ലാ ശട്ടവട്ടങ്ങളും തയ്യാറായിരുന്നു. മന്നം ഒരു പ്രാസംഗികനായിരുന്നുപോലുമില്ലെങ്കിൽ, ആ സംഭവമുമായി അദ്ദേഹം ഒട്ടും ബന്ധപ്പെട്ടതായി കാണുന്നില്ല. ഇതെല്ലാം രാഷ്ട്രീയനിരീക്ഷകരുടെ സംശയങ്ങാംക്കു് മൂർച്ചകൂട്ടിയിരിക്കയാണു്.

കേരളയിലെ കാലുമാറാങ്കം

അതിനിടയിലാണു് പട്ടം കേരളത്തിൽവന്നു തിരിച്ചുപോയതും കേരളാ കോൺഗ്രസ്സിൽനിന്നു് ചിലരെല്ലാം കാലുമാറാൻ തുടങ്ങിയതും. കേരളാകോൺഗ്രസ്സിന്റെ നാവായ കേരളധ്വനിയിൽ ഇയ്യിടെ ചില നയമാറാങ്കുകളുണ്ടായതും ഇതിനൊരുതെളിവാണു്. 'കേരളദ്രോഹം' ഇന്നു് പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിലും കേരളാ കോൺഗ്രസ്സിൽ നിന്നു് പല രും ഇ. എം. കോ യി ലേ സ്സ് ചാ ഞ്ഞതു് തുടങ്ങിയിട്ടുണ്ടെന്നും കാണും വാഗ്ദാനങ്ങളുമായി കേരളാ കോൺ. നേതാക്കളെ ഇ. എം. കോൺഗ്രസ്സുകാർ പ്രലോഭിപ്പിക്കുന്നുണ്ടെന്നും സമ്മതിച്ചിട്ടുണ്ടു്. പല രും കുലംമാറാൻ ഇടയുണ്ടെന്നും അവർ ആരെല്ലാമാണെന്നേ ഇനി അറിയേണ്ട ഇള്ളുവെന്നുമാണു് ''ദ്രോണം'' റിപ്പോർട്ടു്. ഈ റിപ്പോർട്ടിലെ കാല്പ് മാറാവാത്തയും കേരളധ്വനിയിലെ അപസ്വരങ്ങളും മന്നത്തിന്റെ നിശബ്ദതയും പട്ടം രാഷ്ട്രീയത്തിലേയ്ക്കു് തിരിച്ചുവരുന്ന എന്നുള്ള വാർത്തകളും എല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു.

എസ്. എസ്. പി. യിലേയ്ക്കു് പട്ടത്തിനു് നേരെ ചെല്ലാൻ ധൈര്യമില്ലെങ്കിലും അതിലൊരംശം പിടിച്ചെടുക്കാനുള്ള ശ്രമത്തിന്റെ പിന്നിലും പട്ടം പ്രവർത്തനം തുടങ്ങിയിട്ടുണ്ടു്. കേരളത്തിലെ എസ്. എസ്. പി. രണ്ടായി പിളരുന്നതിൽനിന്നും പി. എസ്. പി. പടകത്തെ വേർപെടുത്തി അവരെക്കൂട്ടി കോൺഗ്രസ്സുമായി ചില സഖ്യങ്ങാം ഉണ്ടാക്കിക്കുന്നും പട്ടം ചരടുവലിച്ചു കൊണ്ടിരിക്കയാണെന്നുംറിപ്പോർട്ടുണ്ടു്. ഒരു ഭാഗത്തു് അതിനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു. ആ ശ്രമംകൂടി വിജയിച്ചാൽ തിരുജില്ലയിൽ തന്റെ നേതൃത്വത്തിൽ കോൺഗ്രസ്സ് ശക്തിപ്പെടുത്താമെന്നും കേന്ദ്രത്തെ ബോദ്ധ്യമാക്കാമെന്നും പന്നീടു് വിലപേശാൻ അതു് സഹായകമായിത്തീരുമെന്നും പട്ടം ആലോചിച്ചുറച്ചിട്ടുണ്ടു്.

ഈ പ്ലാനനുസരിച്ചു് പട്ടത്തിന്റെ ഏതാനും ഇഷ്ടഭോഴന്മാർ കരുക്കളിങ്ങനെ നീക്കിക്കൊണ്ടിരിക്കയാണു്.

.....

ചാവക്കാട് റൂറൽ ബാങ്കിലെ ഭരണക്കുഴപ്പം

പഴയ നേതൃത്വം പുതിയ ഭരണസമിതിക്കു് അധികാരങ്ങാം കൈമാറിയിട്ടില്ലെന്നു്— ചാവക്കാട് ഫർക്കയിലെ അരിവിതരണം നിലച്ചേക്കുമോയെന്നു് ജനങ്ങളിൽ പരിഭ്രാന്തി

[സ്വ ലേ] ഗുരുവായൂർ, മെയ് 4

ചാവക്കാട് ഫക്കയിലെ സഹകരണ സംഘങ്ങാം മുഖേന അരി, പഞ്ചസാര എന്നിവയുടെ മൊത്ത-ചില്ലറ വ്യാപാരം നടത്തുകയും നാട്ടിക ഫക്കയിലേയ്ക്കുള്ള അരിയും തുണിത്തരങ്ങാം വിതരണം ചെയ്യുകയും ചെയ്യുന്ന ചാവക്കാട് റൂറൽ ബാങ്കിന്റെ നിയമപ്രകാരം കമ്മറ്റി മെമ്പർമാരുടെ തെരഞ്ഞെടുപ്പിന്റെ മൂന്നാഴ്ചക്കം പുതിയ പ്രസിഡണ്ടിനേയും വൈസ് പ്രസിഡണ്ടിനേയും തെരഞ്ഞെടുക്കേണ്ടതാണു്. എന്നാൽ റിട്ടേണിങ്ങ് ഓഫീസർ 4-ാംദിവസമാണു് തെരഞ്ഞെടുപ്പു നടത്തിയ സന്ദർശന വേളയിൽ അദ്ദേഹം മന്നത്തു് പത്മനാഭനുമായി ഔപചാരികമായ ചർച്ചകളും നടത്തുകയുണ്ടായി. ശങ്കറിനെതിരെ ഒരു മേനോൻ ഗ്രൂപ്പു് സംഘടിപ്പിച്ചു് വരുന്ന പ്രായശ്ചം അധികാരം പിടിച്ചെടുക്കാൻ മന്നത്തിന്റെ സഹായമുണ്ടെങ്കിൽ സാധിക്കുമെന്നു് അദ്ദേഹം മന്നത്തെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടു്. കേരളാ കോൺഗ്രസ്സിന്റെ ആത്മാവും ശരീരവുമായി നിന്നിരുന്ന മന്നം ഇയ്യിടെ രാഷ്ട്രീയ രംഗത്തുനിന്നു് വിട്ടുമാറി നിശബ്ദത പാലിക്കുന്നതും ഗവണ്മെന്റുപദം വേണ്ടെന്നു പറഞ്ഞു് കെ. പി. മാധവൻനായർ കൈകഴിയുകയും, പനമ്പിള്ളിഗോവിന്ദമേനോൻ കേന്ദ്രത്തിൽ ഒരു നല്ല പിള്ളയായി ചമഞ്ഞു് നടക്കുന്നതുമെല്ലാം ഈ മേനോൻ ഗ്രൂപ്പിന്റെ അസ്ഥിവാരത്തിലേക്കു് വെളിച്ചം വീശുന്നതാണു്. കഴിഞ്ഞ ദിവസം ആലുവായിൽ ചേന്ന കോൺ:നേതൃസമ്മേളനത്തിൽ ശങ്കറിനെതിരെ ഉയർന്ന ആരോപണങ്ങളുടെ പിന്നിലും ഈ പുതിയ മേനോൻ ഗ്രൂപ്പിന്റെ വിദ്ധകരങ്ങാം ഉണ്ടെന്നതു് ഒരു സത്യം മാത്രമാണു്. അവസാനം ആരോപണങ്ങളുടെ മൂച്ചു് കൂടിയപ്പോാം ശങ്കർ രാജി വാഗ്ദാനം നടത്തുകയാണത്രെ ഉണ്ടായതു്. ഇതെല്ലാം തെളിയിക്കുന്നതു്. ഒരു സുശക്തമായ മേനോൻ ഗ്രൂപ്പ് കോൺഗ്രസ്സിന്റെ അണിയറയിൽ ശക്തി പ്രാപിച്ചു വരുന്നുണ്ടെന്നുള്ളതാണു്. മന്നവും പട്ടവും കൂടിചേന്നാൽ ആ ഗ്രൂപ്പു് വളരെയേറെ സുശക്തമാകുമെന്നും അവരുടെ വരുതിയിൽ കേന്ദ്രത്തെ തമ്പ്യാനാകുമെന്നുമാണു് ഇപ്പോഴത്തെ കണക്കുകൂട്ടൽ.

താരതമ്യേന സവർണ്ണസ്വീകാര്യത കൂടുതലുള്ള ജയിനെ കത്തോലിക്കനാകുമെന്നും അവർക്കു് അഭിപ്രായമുണ്ടു്. മദ്യനിരോധനം വേണ്ടെന്നുവയ്ക്കാനുള്ള ജയിന്റെ ശ്രമങ്ങൾക്കുമുമ്പിൽ ഈ ഗ്രൂപ്പു് നിശ്ശബ്ദത പാലിച്ചപ്പോാം ശങ്കർഗ്രൂപ്പു് ആ നയത്തെ എതിർത്തതും ഇയവസരത്തിൽ അത്ഗർഭമാണു്.

—ധ—

ചിട്ടിഭരണം

കണ്ടശ്ശാംകടവു്, മേയ് 5

രാജ്യമാസകലം നടമാടുന്ന സാമ്പത്തികത്തകച്ചയുടെ നിദേശനമായി, ചിട്ടിസ്ഥാപനങ്ങളും കറി ഏഷ്ടാകുകയും കൂടുപോലെ കൂമ്പെടുക്കുന്ന കാലഘട്ടമാണല്ലൊ ഇതു്! ഇവിടെ അടുത്തു് നടത്തപ്പെട്ട ഒരു ചങ്ങാതിക്കൂടിയുടെ അറിയിപ്പു് നോട്ടീസിൽ ഇപ്രകാരം കാണുന്നു "താങ്കാം അടച്ചുതീർക്കേണ്ടതായ സംഖ്യയുടെ അവധി തെറ്റിയതുകൊണ്ടു് ടി മുതലും പലിശയുംകൂടി....മാസം ....ാംനം ....ാഴ്ച....മണിക്കു് മുമ്പായി തീർക്കാത്തപക്ഷം കമ്മിറ്റിയുടെ നിശ്ചയപ്രകാരം 'പകൽ പൂട്ടു്' ജാഥയുമായി വന്നു് കഴിവതു് മുതൽ വസൂൽ ചെയ്യുന്നതാണു്."

—

ജൂലിയാന രാജ്ഞിയുടെ കൃതജ്ഞത

ന്യൂദൽഹി, മേയ് 5

നെതർലണ്ടുസിലെ ജൂലിയാന രാജ്ഞിയുടെ ജന്മദിനം പ്രമാണിച്ചു് അയച്ചിരുന്ന സന്ദേശത്തിനു് കൃതജ്ഞതരേഖപ്പെടുത്തിക്കൊണ്ടു് അവർ രാഷ്ട്രപതി ഡോ: രാധാകൃഷ്ണനു് ഒരു സന്ദേശമയച്ചു കൊടുത്തിരിക്കുന്നു.

.....

ഇന്ത്യൻ ഭടന്മാരുടെ "സോവനീർ"

വാഴ്ഡ (കച്ച്) മേയ് 5

"കച്ചിലെവിടെയോ" നിലയുറപ്പിച്ചിട്ടുള്ള ഒരു സംഘം ജവാന്മാർ, പാകിസ്ഥാനി ഭടന്മാരുടെ കൈയിൽനിന്നു ലഭിച്ച "ഒരു സോവനീർ" ശ്രദ്ധാപൂർവ്വം കാത്തുസൂക്ഷിച്ചുവരുന്നു.

അമേരിക്കൻ പാറ്റൺ ടാങ്കിൽ ഉപയോഗിക്കുന്ന 90 മില്ലിമീറ്റർ ഷെല്ലിന്റെ കേസാണിതു്. പാകിസ്ഥാൻ ഏപ്രിൽ 26_ാംനം ബിയർബെട്ടിൽ ഇത്തരം ടാങ്കുകാം ഉപയോഗിക്കുകയുണ്ടായി. ഇവയിൽ ആറെണ്ണം ഇന്ത്യൻ ഭടന്മാർ വകവരുത്തുകയും ചെയ്തു.

ഈ യുദ്ധത്തിലാണു് ജവാന്മാർ തങ്ങളുടെ "സോവനീർ" സമ്പാദിച്ചതു്. ബിയർബെട്ടിൽ സമരംചെയ്ത ഇന്ത്യൻ കമ്പനിയിൽ പത്തുപേർക്കു് ജീവാപായമോ മുറിവോ സംഭവിച്ചുള്ളൂ. അതിപ്പോഴും യുദ്ധസജ്ജമായി നിലകൊള്ളുന്നു.

—ധ—

ഇയ്യാൻ ഭടന്മാരുടെ "സോവനീർ"

വാഴ്ഡ (കച്ച്) മേയ് 5

"കച്ചിലെവിടെയോ" നിലയുറപ്പിച്ചിട്ടുള്ള ഒരു സംഘം ജവാന്മാർ, പാകിസ്ഥാനി ഭടന്മാരുടെ കൈയിൽനിന്നു ലഭിച്ച "ഒരു സോവനീർ" ശ്രദ്ധാപൂർവ്വം കാത്തുസൂക്ഷിച്ചുവരുന്നു.

അമേരിക്കൻ പാറ്റൺ ടാങ്കിൽ ഉപയോഗിക്കുന്ന 90 മില്ലിമീറ്റർ ഷെല്ലിന്റെ കേസാണിതു്. പാകിസ്ഥാൻ ഏപ്രിൽ 26_ാംനം ബിയർബെട്ടിൽ ഇത്തരം ടാങ്കുകാം ഉപയോഗിക്കുകയുണ്ടായി. ഇവയിൽ ആറെണ്ണം ഇന്ത്യൻ ഭടന്മാർ വകവരുത്തുകയും ചെയ്തു.

ഈ യുദ്ധത്തിലാണു് ജവാന്മാർ തങ്ങളുടെ "സോവനീർ" സമ്പാദിച്ചതു്. ബിയർബെട്ടിൽ സമരംചെയ്ത ഇന്ത്യൻ കമ്പനിയിൽ പത്തുപേർക്കു് ജീവാപായമോ മുറിവോ സംഭവിച്ചുള്ളൂ. അതിപ്പോഴും യുദ്ധസജ്ജമായി നിലകൊള്ളുന്നു.

—ധ—

തലസ്ഥാനത്തുനിന്നു്

[സ്വ. ലേ] തിരുവനന്തപുരം, മേയ് 4

സൗത്ത് ഈസ്റ്റേൺ റയിൽവേ (കൽക്കത്ത) യിലെ ഡെപ്യൂട്ടി ചീഫ് ആഡിറ്റർ ശ്രീ. ജി. രങ്കനാഥൻ ഐ. എ. എ. ആന്റ്.എ.എസിനെകേരളസ്റ്റേറ്റ്റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻറെചീഫ് അക്കൗണ്ട്സ് ആഫീസറായി മൂന്നുകൊല്ലക്കാലത്തേക്ക് ഗവണ്മെണ്ട് നിയമിച്ചിരിക്കുന്നു. ഈ തസ്തികയിലേക്ക് ഉണ്ടായ മൂൻ നിയമനം ഗവണ്മെണ്ട് റദ്ദാക്കിയിട്ടുണ്ടു്.

ഡിസ്ട്രിക്ട് പ്രൊബേഷൻ ആഫീസർ

മിനുമല ഗവർമ്മെണ്ട് ഹൈസ്കൂൾ അദ്ധ്യാപകനായ ശ്രീ. വെന്നിക്കോട്ട് പി ത്യാഗരാജനെ ജയിൽവകപ്പിൽ ഡിസ്ട്രിക്ട് പ്രൊബേഷൻ ആഫീസറായി നിയമനത്തിനു് പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുത്തിരിക്കുന്നു.

അപേക്ഷ ക്ഷണിക്കുന്നു

ക്രാഫ്റ്റ്സ്മെൻ ടെയിനിംഗ് സ്കൂം ഡിപ്പാർട്ടുമെന്റിൽ 80_180 സ്റ്റൈപ്പെന്റിൽ ഡ്രാഫ്റ്റ്സ്മെൻ സിവിൽ ക്രാഫ്റ്റ്സ് ഇൻസ്ട്രക്ടർമാരായി നിയമനത്തിനു് 4 ഒഴിവുകളിലേക്കു് പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. മെഷീൻ ഡ്രൈ (5) ട്രായിംഗ് (10) ടേണർ (4) മോട്ടോർ മെക്കാനിക്ക് (2) എന്നീ ട്രേഡുകളിൽ ക്രാഫ്റ്റ്സ്മെൻ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകളിലേക്കും അപേക്ഷ ക്ഷണിച്ചിട്ടുണ്ടു്. അപേക്ഷ ലഭിക്കേണ്ട അവസാനതീയതി ജൂൺ 9 ആണു്. വിശദവിവരങ്ങാം ഇന്നിറങ്ങിയ ഗസറ്റിലുണ്ടു്.

പി. എം. ജീസ് ഓഫീസ് റിക്രിയേഷൻ ക്ലബ്

കേരള സക്കിം പോസ്റ്റ്മാസ്റ്റർ ജനറൽ ഡോ: എസ്. ആർ. കൃഷ്ണമൂർത്തി പ്രസിഡൻറായി പി. എം. ജീസ് ഓഫീസ് റിക്രിയേഷൻ ക്ലബ്ബിന്റെ ഭരണസമിതി രൂപീകരിച്ചിരിക്കുന്നു. ക്ലബ്ബിന്റെ വൈസ്പ്രസിഡണ്ടുമാരായി ശ്രീ. സി. പി. വെങ്കിട്ടരാമനേയും ശ്രീ. വൈ. ജി. മണിയേയും, ജനറൽ സെക്രട്ടറിയായി ശ്രീ. എ. ചന്ദ്രശേഖരൻനായരേയും ജോയിൻറ് സെക്രട്ടറിയായി ശ്രീ. പി. കെ. ഫ്രാൻസിസിനെയും, ട്രഷററായി ശ്രീ. പി. നാരായണനേയും, ആഡിറ്ററായി ശ്രീ. കെ. ആർ. ബാലകൃഷ്ണൻനായരേയും ഭരണസമിതിയിലേക്ക് ശ്രീമാന്മാർ ജി. വാസുദേവൻനായർ, സി. എം. കരുൻ, ടി. കെ. വേലായുധൻ, ടി. വി. മൈയ്തുട്ടി, ആർ. സുരേന്ദ്രനാഥൻ എന്നിവരേയും തെരഞ്ഞെടുത്തു.

നിവേദനം നടത്തി

കാണാട്ടുകര വികസനസമിതിയുടെ ഒരു പ്രതിനിധിസംഘം ശ്രീ കെ. കെ. ചെല്ലപ്പൻപിള്ള, ശ്രീ. കെ. കുട്ടൻവൈദ്യൻ (മുതുകളം) എന്നിവരുടെ നേതൃത്വത്തിൽ പ്ലാനിംഗ് വകുപ്പ് സെക്രട്ടറിയെ സന്ദർശിച്ച് കാണാട്ടുകര പ്രദേശത്തിന്റെ വികസനപ്രശ്നങ്ങാം സംബന്ധിച്ചു് നിവേദനം നടത്തിയിരിക്കുന്നു.

നഷ്ടപരിഹാരം അനുവദിച്ചു

മോട്ടോർ അപകടങ്ങാംമൂലം കൃഷ്ണനുണ്ടായ വന്നിട്ടുള്ളവക്കു്, ജീവാപായം സംഭവിച്ചിട്ടുള്ളവരുടെ അനന്തരാവകാശികാംക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള തേഡ്പാർട്ടി ഇൻഷുറൻസ് പദ്ധതിയനുസരിച്ച് കാത്തിക്കുള്ളിയിൽ ജി. പത്മനാഭപിള്ളക്കു് 2250രൂപയും, കുഞ്ഞിരപ്പള്ളി പി. എൻ. നാരായണൻആചാരിക്കു് 1500 രൂപയും, കോട്ടയത്തു് എം. സി. ജോസഫിനു് 600 രൂപയും, തൃശൂർ കുട്ടൻകുട്ടിക്കു് 2,000 രൂപയും, പട്ടണക്കാട്ടു് വി. രാഘവനു് 4000 രൂപയും, തിരുവനന്തപുരത്തു് അബ്ദുൾസുലൈമാന്റെ അവകാശികാംക്കു് 4500 രൂപയും, അഴിക്കോട്ടു് റവ. വി. ഗോവിന്ദൻനായരുടെ അവകാശികാംക്കു് 6000 രൂപയും, അരൂർ ബിയാട്രീസിന്റെ മാതാപിതാക്കാംക്കും, ചേർത്തല സുകുമാരന്റെ മാതാവിനും, അഞ്ചുമൂർത്തിയിൽ പരമേശ്വരിയുടെ മാതാപിതാക്കാംക്കും 850 രൂപാ വീതവും, നീറ്റുപുറം അമ്മിണി എന്ന കുട്ടിയുടെ മാതാപിതാക്കാംക്കും, ഏറനാട്ടു് അയിഷക്കുട്ടിയുടെ മാതാപിതാക്കാംക്കും 1250 രൂപാ വീതവും, ഇരാരൂർപേട്ട മുഹമ്മദാലിയുടെ മാതാപിതാക്കാംക്കും, തൃശൂർ അബ്ദുൽറഹ്മാന്റെ അവകാശികാംക്കും 300 രൂപാ വീതവും നഷ്ടപരിഹാരം അനുവദിച്ചിരിക്കുന്നു.

ആർട്ട്സ് ക്ലബ്ബ് വാർഷികം

കുന്നപ്പുഴ പ്രോഗ്രസ്സീവ് ആർട്ട്സ് ക്ലബ്ബിന്റെ ആറാമതു് വാർഷികം മേയ് 8_ാംനം വിവിധ പരിപാടികളോടുകൂടി ആഘോഷിക്കുന്നതാണു്. വാർഷികം പ്രമാണിച്ചു് കുന്നപ്പുഴ എൽ പി. എസിൽ വച്ചു് കൂടുന്ന പൊതുയോഗത്തിൽ എസ്. ഡബ്ലിയു് ആഭ്യുക്ഷം വഹിക്കുന്നതും തിരുമല ചന്ദ്രൻ പ്രസംഗിക്കുന്നതുമാണു്.

—

മദ്യനിരോധനം പിൻവലിക്കുന്ന കാര്യം ഇപ്പോഴും പരിഗണനയിൽതന്നെ

വ്യാജവാറ്റിനെ നേരിടാൽ "വീര്യം" കുറഞ്ഞ കള്ളു് വില്പന നടപ്പാക്കാവുന്നതാണെന്നു് ടേകചന്ദ് കമ്മറ്റിയുടെ ശുപാർശ

[സ്വ. ലേ.] തിരു. മേയ് 4

കേരളത്തിലെ മദ്യനിരോധന നയം യുക്തിസഹമായി പരിഷ്കരിക്കുന്നതു് സംബന്ധിച്ച നിർദ്ദേശം കേവലം പ്രാരംഭം മാത്രമായ പരിഗണനാ ഘട്ടത്തിൽ എത്തിയിട്ടേ ഉള്ളുവെന്നു് ഒരു ഔദ്യോഗിക വക്താവു് വ്യക്തമാക്കിയിരിക്കുന്നു.

മദ്യനിരോധനത്തെ സംബന്ധിച്ചു് ടേകചന്ദ് കമ്മിറ്റി റിപ്പോർട്ടിലുള്ള അഭിപ്രായങ്ങാം ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. മദ്യനിരോധനനയത്തിൽ എന്തെങ്കിലും വല്ല മാറ്റവും വരുത്തണമെങ്കിൽ നിലവിലുള്ള മദ്യനിരോധന നിയമം ഭേദഗതി ചെയ്യണം. സംസ്ഥാനത്തു് ഒരു നിയമസഭ നിലവിലില്ലാത്തുള്ള സാഹചര്യത്തിൽ ഇതു് സംബന്ധിച്ചുള്ള നിയമനിർമ്മാണനടപടി കൈകാര്യം ചെയ്യേണ്ടതു് കേന്ദ്ര പാർലമെൻറാണു്.

മദ്യനിരോധനം നടപ്പാക്കുന്നതു് പരാജയപ്പെട്

എറണാകുളം ഹിസ്റ്ററി കൺവെൻഷൻ

മെയ് 16, 17, 18 തിയതികളിൽ നടത്തപ്പെടുന്നു—പ്രമുഖ പണ്ഡിതന്മാർ പങ്കെടുക്കും

എറണാകുളം, മെയ് 4

മെയ് 16, 17, 18 എന്നീ തിയ്യതികളിൽ എറണാകുളം മഹാരാജാസ് കോളേജിൽവെച്ച് നടത്തുന്ന ഹിസ്റ്ററി കൺവെൻഷനോടുകൂടി, പ്രദർശനത്തിനും പരിപാടികൾക്കും അവസാനമുണ്ടാകുന്നതാണ്. ചരിത്രത്തെയും അതിനാവലംബം നല്കുന്ന പുരാവസ്തുശാസ്ത്രം, പുരാരേഖാശാസ്ത്രപഠനം, നരവംശശാസ്ത്രം എന്നീ വിഷയങ്ങളേയും പറ്റി അതാതു വിഷയങ്ങളിൽ പ്രാവീണ്യമുള്ള സുപ്രശ്നരായ പ്രൊഫ. നീലകണ്ഠശാസ്ത്രി (യുനസ്കോ കൾച്ചറൽ സെന്റർ), ഡോ. എ. അയ്യപ്പൻ (ആർക്കിയോളജിസ്റ്റ് സുപ്രണ്ടിംഗ് സർക്കിൾ), പ്രൊഫ. കെ. കെ. പിള്ള (മഹാരാജാസ് സുപ്രണ്ടിംഗ് കലാശാല), ഡോ. ഇ. കെ. നായനാർ (മൈസൂർ സുപ്രണ്ടിംഗ് കലാശാല) ഡോ. കെ. എൻ. പണിക്കർ, (ന്യൂഡൽഹി) ഡോ. വി. കെ. സുകുമാരൻ നായർ, പ്രൊഫ. പി. കെ. കെ. മേനോൻ, ഡോ. കെ. രാഘവൻപിള്ള, എ. ശ്രീധരമേനോൻ, (തിരുവനന്തപുരം) ഡോ. ടി. ഐ. പുന്നൻ, പ്രൊഫ. കെ. വി. കൃഷ്ണയ്യർ, പ്രൊഫ. സെയ്ദ് മുഹമ്മദ് തുടങ്ങി മുപ്പതോളം പണ്ഡിതന്മാരാണ് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നത്.

മൂന്നു ദിവസങ്ങളിലായി നടത്തുന്ന സിംപോസിയത്തിന്റെ ഡയറക്ടർ ശ്രീ എം. ഭണ്ഡപാണി ഐ. എ. എസ്. ആയിരിക്കും. വിവിധ സെഷനായി തിരിച്ചിട്ടുള്ള സിംപോസിയത്തിൽ വി. ആർ കൃഷ്ണയ്യർ, പത്തേഴത്തു രാമമേനോൻ, അച്ചുതമേനോൻ, ഡോ. എം. പി. പോൾ, ഡോ. കെ. എൻ. പണിക്കർ, (ന്യൂഡൽഹി) ഡോ. വി. കെ. സുകുമാരൻ നായർ, പ്രൊഫ. പി. കെ. കെ. മേനോൻ, ഡോ. കെ. രാഘവൻപിള്ള, എ. ശ്രീധരമേനോൻ, (തിരുവനന്തപുരം) ഡോ. ടി. ഐ. പുന്നൻ, പ്രൊഫ. കെ. വി. കൃഷ്ണയ്യർ, പ്രൊഫ. സെയ്ദ് മുഹമ്മദ് തുടങ്ങി മുപ്പതോളം പണ്ഡിതന്മാരാണ് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നത്.

മൂന്നു ദിവസങ്ങളിലായി നടത്തുന്ന സിംപോസിയത്തിന്റെ ഡയറക്ടർ ശ്രീ എം. ഭണ്ഡപാണി ഐ. എ. എസ്. ആയിരിക്കും. വിവിധ സെഷനായി തിരിച്ചിട്ടുള്ള സിംപോസിയത്തിൽ വി. ആർ കൃഷ്ണയ്യർ, പത്തേഴത്തു രാമമേനോൻ, അച്ചുതമേനോൻ, ഡോ. എം. പി. പോൾ, ഡോ. കെ. എൻ. പണിക്കർ, (ന്യൂഡൽഹി) ഡോ. വി. കെ. സുകുമാരൻ നായർ, പ്രൊഫ. പി. കെ. കെ. മേനോൻ, ഡോ. കെ. രാഘവൻപിള്ള, എ. ശ്രീധരമേനോൻ, (തിരുവനന്തപുരം) ഡോ. ടി. ഐ. പുന്നൻ, പ്രൊഫ. കെ. വി. കൃഷ്ണയ്യർ, പ്രൊഫ. സെയ്ദ് മുഹമ്മദ് തുടങ്ങി മുപ്പതോളം പണ്ഡിതന്മാരാണ് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നത്.

വിജയലക്ഷ്മിക്ക് നാട്ടുകാരുടെ വകവീട്

ഫൈറ്റോബാഡ്, മേ 5

ശ്രീമതി വിജയലക്ഷ്മിപണ്ഡിറ്റ് എം. പി. യ്ക്ക് അവർ മത്സരിച്ച നിയോജകമണ്ഡലത്തിലെ ജനങ്ങൾ ഒരു വീട് പണി കഴിപ്പിച്ചുകൊടുക്കുന്നതാണ്. ഈ ഗ്രാമീണഗ്രഹത്തിന്റെ പണി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ് ശ്രീമതി പണ്ഡിറ്റ്തന്നെയാണ് ഈ വിവരം ഇവിടെവെച്ച് വെളിപ്പെടുത്തിയതു്.

തന്റെ അധികസമയവും അവർ മത്സരിച്ച നിയോജകമണ്ഡലമുൾക്കൊള്ളുന്ന ഗ്രാമങ്ങളിലെ ജനങ്ങളുടെ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നതാണെന്നവർ പറഞ്ഞു. ഗ്രാമത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസസൗകര്യങ്ങളും, അവരുടെ ആരോഗ്യ സംരക്ഷണം ശ്രദ്ധാപൂർവ്വം വിതരണം ചെയ്യുകയുണ്ടായി. ഓരോ ഗ്രാമങ്ങളിലെ ജനങ്ങളുടെ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നതാണെന്നവർ പറഞ്ഞു. ഗ്രാമത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസസൗകര്യങ്ങളും, അവരുടെ ആരോഗ്യ സംരക്ഷണം ശ്രദ്ധാപൂർവ്വം വിതരണം ചെയ്യുകയുണ്ടായി. ഓരോ ഗ്രാമങ്ങളിലെ ജനങ്ങളുടെ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നതാണെന്നവർ പറഞ്ഞു. ഗ്രാമത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസസൗകര്യങ്ങളും, അവരുടെ ആരോഗ്യ സംരക്ഷണം ശ്രദ്ധാപൂർവ്വം വിതരണം ചെയ്യുകയുണ്ടായി.

ഗ്രാൻസിസ്റ്റർ സമ്മേളനം

സ്പെഷ്യൽ ആലപ്പുഴ, മേ. 4

ആലപ്പുഴ രൂപതയിലെ മൂന്നാംസഭാംഗങ്ങളുടെ ആഭിമുഖ്യത്തിൽ ആലപ്പുഴലിയോ തേർട്ടീന്ത് ആഡിറോറിയത്തിൽവച്ച് ഇക്കഴിഞ്ഞ ഞായറാഴ്ച ഉച്ചകഴിഞ്ഞ 5 മണിക്ക് ആലപ്പുഴ ബിഷപ്പു റൈറവ. റവ. ഡോ. മൈക്കിൾ ആറാട്ടുകുളം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു ഫ്രാൻസിസ്റ്റൻ സമ്മേളനം കൂടുകയുണ്ടായി ഡി. സി. മല്ലശ്ശേരി എം. എ. ബി. റിറി, കുമാരി ഏലിയാമ്മ ജോർജ് കുട്ടല്ലൂർ എന്നിവർ പ്രസംഗിക്കുകയുണ്ടായി. യോഗാനന്തരം വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

ഗോത്രവർഗ്ഗ വികസനബ്ലോക്കുകൾ വേണം

ഉപദേശകബോർഡിന്റെ ശുപാർശ

ന്യൂഡൽഹി, മെ 5

ഇവിടെ യോഗം ചേർന്ന കേന്ദ്രഗോത്രവർഗ്ഗക്ഷേമ ഉപദേശകബോർഡ്, ഗോത്രവർഗ്ഗ പ്രദേശങ്ങളിലെ സാങ്കേതിക സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗക്കാർക്ക് ജനസംഖ്യാനുപാതികമായി സീറ്റ് സംവരണം ചെയ്യണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

സാങ്കേതികവും തൊഴിൽപരവുമായ പരിശീലനം നേടുന്നതിനും വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകണമെന്നും ബോർഡ് ആവശ്യപ്പെട്ട ഗോത്രവർഗ്ഗപ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ ഇതിനായി ശാസ്ത്രാദ്ധ്യാപനത്തിനും കൂടുതൽ പ്രാധാന്യം കല്പിക്കണമെന്നും അതു നിർദ്ദേശിച്ചു.

ഗോത്രവർഗ്ഗപ്രദേശങ്ങളിൽ കൂടുതൽ സാങ്കേതിക വിദ്യാലയങ്ങളും സ്ഥാപനങ്ങളും തുറക്കണമെന്നും ബോർഡ് ആവശ്യപ്പെടുകയുണ്ടായി. ഓരോ ഗോത്രവർഗ്ഗ വികസനബ്ലോക്കിലും വിദ്യാർത്ഥിനികൾക്ക് ഒരു ഹോസ്റ്റലെങ്കിലും ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ട വിദ്യുച്ഛക്തി ഗ്രാമങ്ങൾക്കായി സമഗ്രമായ വിദ്യുച്ഛക്തി പദ്ധതികൾക്ക് പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പുകൾ നൽകുകയും നിശ്ചിത ശതമാനത്തിൽ കുറച്ച് മാർക്ക് ലഭിക്കുന്നവരെ എഞ്ചിനീയറിങ്ങിലും മറ്റു സാങ്കേതികവിഷയങ്ങളിലും, ഡിപ്ലോമകോഴ്സിനും ചേരാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നും ബോർഡ് സ്വീകരിച്ച. ഇതു് അവക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങളും ഉറപ്പുചെയ്യും. ദീർഘകാലാടിസ്ഥാനത്തിൽ ഗ്രിയുടെ കൈവശാവകാശം നിലനിർത്തണമെന്നും ഭൂരഹിതരായ തൊഴിലാളികൾക്ക് വാർഷികാടിസ്ഥാനത്തിൽ ഭൂമി നൽകുന്ന ഇപ്പോഴത്തെ രീതി പുനരവലോകനം ചെയ്യണമെന്നും ബോർഡ് നിർദ്ദേശിച്ചു.

ജനസംഖ്യയിൽ 50 ശതമാനത്തിലധികം ഗോത്രവർഗ്ഗക്കാരുള്ള എല്ലാ പ്രദേശങ്ങളിലും നാലാംപദ്ധതിക്കാലത്തു് ഗോത്രവർഗ്ഗവികസനബ്ലോക്കുകൾ ഏർപ്പെടുത്തുന്നതാണെന്നു് യോഗത്തിൽ വെളിപ്പെടുത്തപ്പെട്ടു.

യോഗത്തിൽ അദ്ധ്യക്ഷംവഹിച്ച കേന്ദ്രനിയമ—സാമൂഹ്യ ഭദ്രതാ വകുപ്പുമന്ത്രി എ. കെ. സെൻ, ഹോസ്റ്റലുകളിൽ താമസിക്കുന്ന പട്ടികജാതി—പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ സ്റ്റൈപ്പൻഡ് വർദ്ധിപ്പിക്കുന്നപ്രശ്നം പരിഗണിച്ച വരികയാണെന്നു് ബോർഡിനെ അറിയിച്ച. ഗോത്രവർഗ്ഗപ്രദേശങ്ങളിലെ ഗ്രാമജലവിതരണപ്രവർത്തനങ്ങൾക്ക് കേന്ദ്രഗവണ്മെൻറ് വഹിക്കുന്നതുപോലെ സഹകരണങ്ങൾക്കും ഗോത്രവർഗ്ഗങ്ങളോട് ഇതിന് സംഭാവന നൽകുന്നതിനു് ബുദ്ധിമുട്ടുണ്ടെന്നതിനു് പ്രത്യേകം വ്യക്തമാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതായും മന്ത്രി വെളിപ്പെടുത്തി.

സ്റ്റെനോഗ്രാഫർ, അസിസ്റ്റൻറ്, ക്ലാർക്ക് എന്നീ തസ്തികകളിൽനിയമിക്കാൻ കേന്ദ്രപബ്ലിക് സർവ്വീസ്കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്ക് പരിശീലനം കൊടുക്കുന്നതിന് രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ എട്ടുകേന്ദ്രങ്ങളും തുറക്കുവാൻ കേന്ദ്രഗവണ്മെൻറ് തീരുമാനിച്ചിട്ടുള്ളതായി സാമൂഹ്യഭദ്രതാവകുപ്പു ഡപ്യൂട്ടി മന്ത്രി ശ്രീമതി മരഗതം ചന്ദ്രശേഖർ യോഗത്തിൽ പ്രസ്താവിച്ചു.

....

പ്ലാനിങ്ങിനും യുദ്ധശ്രമങ്ങൾക്കും മന്ത്രിമാർ മുഴുവൻ സമയവും ചിലവഴിക്കണം

പാക് ആക്രമണത്തെപ്പറ്റി കോൺഗ്രസ് പാർല്ലമെന്ററി പാർട്ടി യോഗത്തിൽ ചർച്ച

(പി. ടി. ഐ.) ന്യൂഡൽഹി മേ. 5

കച്ച് അതിർത്തിയിലെ പാക്കിസ്ഥാനി ആക്രമണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി കോൺഗ്രസ് പാർല്ലമെൻററി പാർട്ടിയുടെ ജനറൽ ബോഡിയോഗം രണ്ടാം ദിവസമായ ഇന്നലെയും ചേരുകയുണ്ടായി. 90—മിനുട്ടനേരം നീണ്ട ചർച്ചകളിൽ മിക്കവാറും എല്ലാ മെമ്പർമാരും പങ്കെടുത്തു. പ്രധാനമന്ത്രി ശാസ്ത്രി യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു.

പ്ലാനിംഗിനും പ്രതിരോധശ്രമങ്ങൾക്കും പ്രാധാന്യം നല്കുന്നതിനായി മന്ത്രിമാർ മുഴുവൻ സമയവും വിനിയോഗിക്കണമെന്ന മി. ജി. എസ്. പതാക് പറഞ്ഞതായി അറിയുന്നു. വ്യവസായ സംരംഭകരും യുദ്ധസാധ്യതകളിലേക്ക് തിരിച്ചുവിടണം. സിവിൽ ഡിഫൻസിൽ ജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകണമെന്നും അദ്ദേഹം പറഞ്ഞു.

കച്ചിൽ ആക്രമണം നടത്തപ്പെട്ടശേഷം പാക്കിസ്ഥാനുമായി ഒരു ഒത്തുതീർപ്പുണ്ടാക്കുന്നതിനു് അമേരിക്കയും ബ്രിട്ടനും ഇന്ത്യയെ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണെന്ന് മി. ആർ. കെ. ഖന്നിൽക്കർ പറഞ്ഞു. ഈ ശ്രമങ്ങൾ, പാർട്ടിയും നേതൃത്വവും തടഞ്ഞുനിർത്തണം എന്നും അദ്ദേഹം പ്രസ്താവിച്ചു.

കച്ചിലും മറ്റു ഇന്ത്യൻതിരികളിലും പാക്കിസ്ഥാൻ പ്രകോപനങ്ങൾ സൃഷ്ടിച്ചും ഇന്ത്യ അവളുടെ കാശ്മീർനയം സംബന്ധിച്ചു അടിസ്ഥാനനയത്തിൽ ഒരു മാറ്റവുംവരുത്തുകയില്ലെന്നു് ബ്രിട്ടനോടും അമേരിക്കയോടും പറയുന്നതിനുള്ള സമയമായി എന്നു് മി. കെ. ഡി മാളവ്യ പ്രസ്താവിച്ചതായിരുന്നു. സമാധാനത്തിൽനിന്നും യുദ്ധകാലസമ്പത്തികഘടനയിലേക്ക് മാറുന്നതിനു് ഏതുസമയത്തും രാജ്യം തയ്യാറായിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ അതിർത്തികളിൽ ഒരു ഗറില്ലായുദ്ധത്തിനാണ് പാക്കിസ്ഥാൻ ശ്രമിക്കുന്നതെന്നും മി. ജോഷി ആൻഡ്രൂ ഫ്രേസർ പ്രസ്താവിച്ചവരിൽ.

കച്ചിലെ സ്ഥിതിഗതികളെപ്പറ്റി ചർച്ചചെയ്യുവാൻ യോഗം ഇന്നും വീണ്ടും ചേരുന്നുണ്ട്.

—

സച്ചാനിങ്ങിനെ ജുഡീഷ്യൽ കസ്റ്റഡിയിലേയ്ക്ക് മാറ്റി

(പി ടി ഐ) കാത്മണ്ഡു, മേ. 5

കൈറോൺ വധക്കേസ്സിലെ പ്രതിയായ സച്ചാസിങ്ങിനെ പോലീസ് കസ്റ്റഡിയിൽനിന്നും ജുഡീഷ്യൽ കസ്റ്റഡിയിലേക്ക് മാറ്റുവാൻ നേപ്പാൾ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഉത്തരവിട്ടിരിക്കുന്നു. ഇയ്യാംക്കെതിരായി എക്സ്ട്രാ ഡിഷൻ കേസ് രണ്ടുദ്യോഗത്തേയ്ക്ക് കോടതി നീട്ടിവച്ചു. തന്നെ വെടിവച്ചതിനെപ്പറ്റി ശേധന നടത്തണമെന്ന സച്ചാസിങ്ങിന്റെ അഭ്യർത്ഥന ജഡ്ജി അനുവദിച്ചു. ആവശ്യമെങ്കിൽ ഒരു അഭിഭാഷകനെ വെക്കുന്നതിനും കോടതി അനുവദിച്ചിട്ടുണ്ട്.

—

തലസ്ഥാനം മാറണമെന്ന് തൃശ്ശൂർ നഗരസഭ

തൃശ്ശൂർ, മേ. 5

കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരത്തുനിന്നും മാറ്റി കേരളത്തിന്റെ മദ്ധ്യഭാഗത്തു് എവിടെയെങ്കിലും സ്ഥാപിക്കണമെന്നും ആവശ്യപ്പെടുന്ന ഒരു പ്രമേയം തൃശ്ശൂർ നഗരസഭായോഗം അംഗീകരിച്ചിരിക്കുന്നു.

ചെയർമാൻ ശ്രീ സി. സി. ജോർജ്ജ് യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു.

മൂന്നുമാസം കൌൺസിലിൽ തുടർച്ചയായി ഹാജരാകാതിരുന്നതിനെത്തുടർന്ന് കൌൺസിൽ അംഗത്വം നഷ്ടപ്പെട്ട ടി. കെ. ജി. നായരുടെ അപേക്ഷയനുസരിച്ച് അംഗത്വം പുനഃസ്ഥാപിക്കുവാൻ യോഗം അനുമതി നൽകുകയുണ്ടായി.

—

വീടുപണിയാനുള്ള സഹായങ്ങൾ

മാള, മേയ് 5

തൃശ്ശൂർ ജില്ലാ വെൽഫെയർ ആഫീസിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീടുപണിയുന്നതിനു് ധനസഹായത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണ് മേയ് 30നു് അതാതു താലൂക്ക് ഇൻസ്പെക്ടർമാർക്കു് അപേക്ഷകൾ അയക്കേണ്ടതാണ്.

....

പാക് ആക്രമണത്തിൽ പ്രതിഷേധം

ചിറാട്ടുകര, മെ. 5

നമ്മുടെ ഭാരതഭൂമിയുടെ നേരെയുണ്ടായിരിക്കുന്ന പാക്കിസ്ഥാന്റെ നഗ്നമായ ആക്രമണത്തിൽ പ്രതിഷേധിക്കുന്നതും, ലൈബ്രറികൾക്ക് ഗ്രാൻറ് തുക വർദ്ധിപ്പിക്കുക, എല്ലാ ലൈബ്രറികൾക്കും ലൈബ്രേറിയൻ അലവൻസ് അനുവദിക്കുക എന്നീ ആവശ്യങ്ങൾക്ക് അടുത്ത താലൂക്കിലെ പ്രമേയങ്ങളും ചിറാട്ടുകര നാഷണൽ പബ്ലിക് ലൈബ്രറിആന്റ് റീഡിങ്ങ് റൂമിന്റെ എക്സിക്യൂട്ടീവ് യോഗം പാസ്സാക്കിയിരിക്കുന്നു. പ്രസിഡണ്ട് സി. വി. ജോൺ യോഗത്തിലധ്യക്ഷതവഹിച്ചു.

.....

ആദായനികുതി ജനസംഖ്യാനുപാതത്തിൽ വേണം

ആന്ധ്രാ കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്നു

ഹൈദ്രബാദ്, മേയ് 5

ആദായനികുതി ജനസംഖ്യാനുപാതത്തിൽ വിതരണം ചെയ്യണമെന്ന് ആന്ധ്രാഗവണ്മെന്റ് ഫിനാൻസ്കമ്മീഷനോട് ആവശ്യപ്പെട്ടിരിക്കുന്നു. കമ്മീഷനുമായി സംഭാഷണം നടത്തിയശേഷം ഇവിടെ തിരിച്ചെത്തിയ സ്റ്റേറ്റ്മീമിലെ അംഗങ്ങൾ പറഞ്ഞതു കേന്ദ്രം ഈ പ്രശ്നം പരിഗണിക്കുമെന്നാണ്. ഇപ്പോൾ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സംസ്ഥാന ആദായനികുതി വിഭജനം ചെയ്യുന്നതു്.

....

ഗവമ്മേണ്ട് സ്കൂൾ പഞ്ചായത്തിനെ ഏല്പിക്കണം

മാള, മെ. 4

മാള ഗവ: സ്കൂൾ പഞ്ചായത്തിനെ ഏല്പിക്കുവാൻ ഗവമ്മേണ്ടിനോട് ആവശ്യപ്പെടുന്ന ഒരു പ്രമേയം ഇവിടെ പേന പഞ്ചായത്ത് യോഗം അംഗീകരിച്ചിരിക്കുന്നു. മാള അത്താണിയിലെ തോടുകളും മറ്റും പഞ്ചായത്തിനെഏല്പിക്കുന്നും ഉപ്പുവെള്ളം കയറുന്ന നിലങ്ങളും സംരക്ഷിക്കുവാനും യോഗം ഗവമ്മേണ്ടിനോട് ആവശ്യപ്പെട്ടു. യോഗത്തിൽ എ. എം. അലി അദ്ധ്യക്ഷതവഹിച്ചു.

(സപ ലേ)

ഇന്ത്യാ—സോവ്യറ്റ് ബന്ധത്തിൽ ശാസ്ത്രിയുടെ സംതൃപ്തി

(പി ടി) ന്യൂഡൽഹി, മേ 5

ഇന്ത്യയും സോവ്യറ്റ് യൂണിയനും തമ്മിൽ ഇപ്പോൾ നിലവിലുള്ള രാഷ്ട്രീയ സാമ്പത്തിക ബന്ധങ്ങളിൽ പ്രധാനമന്ത്രി മി. ശാസ്ത്രി വമ്പിച്ച സംതൃപ്തി പ്രകടിപ്പിച്ചിരിക്കുന്നു.

ടാസ് ലേഖകനു് അനുവദിച്ച ഒരു അഭിമുഖ സംഭാഷണത്തിലാണ് പ്രധാനമന്ത്രി ഈ സംതൃപ്തിരേഖപ്പെടുത്തിയതു്.

....

പൂർണ്ണരൂപം ഇന്നു് രാജ്യസഭയിൽ പറഞ്ഞു.

പാക്കിസ്ഥാനി പ്രവർത്തനങ്ങളെപ്പറ്റി ഡിസമ്പറിലെ ജനുവരിയിലെ അറിവുലഭിച്ചിരുന്നുവെന്നും അദ്ദേഹംപ്രസ്താവിച്ചു. എന്നാൽ കാലവർഷത്തിനു മുമ്പു് നടപടികളെടുക്കേണ്ടിവരില്ലെന്ന ധാരണയിലാണ് ഗവമ്മേണ്ടു് കഴിച്ചുകൂട്ടിയതെന്നും മി. ഗ്രഹം പറഞ്ഞു.

ധനവിനിയോഗ ബിൽ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാവിയിൽ തിരുത്തപ്പെടുത്തക്കവണ്ണം രാഷ്ട്രീയ—സൈനികാധികൃതർ തെറ്റു സമ്മതിക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു.

....

ഒളരിക്കരയിൽ കാറപകടം

2 പെൺകുട്ടികൾ മൃതിയടഞ്ഞു

തൃശ്ശൂർ, മേ. 5

ഇവിടേയ്ക്കടുത്തു് ഒളരിക്കരയിൽവച്ചു് ഇന്നു രാവിലെയുണ്ടായ ഒരു കാറപകടത്തിൽപ്പെട്ടു് രണ്ടു പെൺകുട്ടികൾ മൃതിയടയുകയും 9 പെൺകുട്ടികൾക്കു് പരുക്കേല്ക്കുകയും ചെയ്തിരിക്കുന്നു.

പരുക്കേറ്റവരിൽ 7 പേരെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ ഒരു കുട്ടിയുടെ നില ഗുരുതരമാണ്.

ഒളരിക്കര സ്കൂളിൽനിന്നും പരീക്ഷാഫലം അറിഞ്ഞശേഷം വീടുകളിലേയ്ക്കു മടങ്ങിപ്പോവുകയായിരുന്ന പെൺകുട്ടികളുടെമേലാണു് കാർ മുട്ടിയതു്. കാറിൽ ഒരാൾ ഡ്രൈവിംഗ് പഠിക്കുകയായിരുന്നുവത്രെ.

പരുക്കേറ്റവരെയെല്ലാം ഉടനടി ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും പിറിയങ്കണ്ടത്തു് തോമ മകൾ സൂസി (11) ആശുപത്രിയിലെത്തിയയുടനെ തന്നെ മരിച്ചു. ബ്രഹ്മകുളം അന്തോണി ലില്ലി (14) മൂന്നുമണിക്കും മൃതിയടഞ്ഞു. പോലീസ് ഇതുസംബന്ധിച്ചു കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്.

ബസ്സുമറ്റി പരുക്കേറ്റ കുട്ടിയും മൃതിയടഞ്ഞു

കണിമംഗലത്തുവച്ച് ഒരു ബസ്സുമറ്റി പരുക്കേറ്റനിലയിൽ സ്ഥലം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന ജോൺസൺ എന്ന കുട്ടി (5) ഇന്നു മൃതിയടഞ്ഞിരിക്കുന്നു.

—0—

മുസ്ലീം—ക്രിസ്ത്യൻ ഐക്യം

വത്തിക്കാനിൽ പ്രത്യേക വകുപ്പ് സൃഷ്ടിക്കുന്നു

വത്തിക്കാൻ സിറ്റി, മേ. 5

കഴിഞ്ഞവർഷം സ്ഥാപിച്ച ക്രൈസ്തവരുടെ സംബന്ധിക്കുന്ന സിക്രട്ടറിയേറിയേറിന്റെ ഒരു ഭാഗമെന്നനിലയിൽ മുസ്ലീം—ക്രിസ്ത്യൻബന്ധങ്ങളെപ്പറ്റിയുള്ള പഠനകാര്യം ചെയ്യുന്നതിനായി പോപ്പ് മാർപ്പാപ്പാ തീരുമാനിച്ചു. അങ്ങനെ ചെയ്യുന്നതെന്നു് താൻ ഉപദേശിക്കുകയുണ്ടായിരുന്നു.

സ്റ്റാഫിനും ഐ. എൻ. ടി. യു. സി ചട്ടത്തിനും വിരുദ്ധമായി പ്രവർത്തിക്കുന്നു് ഐ. എൻ. ടി. യു. സി. യിൽനിന്നും പുറംതള്ളപ്പെട്ടിരിക്കുന്നതിനുള്ള കാരണങ്ങളും ആവശ്യപ്പെട്ടുകൊണ്ട് എസ്റ്റേറ്റ് സ്റ്റാഫ് യൂണിയനു് കത്തുകൊടുത്തിട്ടുണ്ടെന്നും അതിനുള്ള മറുപടി കിട്ടുന്നതനുസരിച്ചു് തുടർനടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

.....

നാഗാസമാധാന സംഭാഷണം പുനരാരംഭിച്ചു

വെടി നിർത്തൽ കരാർ രണ്ടുമാസത്തേക്കു നീട്ടി

മൊകോക്ചുങ്, മേ. 5

ഖെൻഡാപ്പിസ് ക്യാമ്പിനു സമീപം ഇന്നലെ ഉച്ചയ്ക്കുശേഷം നാഗാലാൻറ് സമാധാന സംഭാഷണം പുനരാരംഭിച്ചു. ഇന്ത്യാഗവണ്മെന്റ് പ്രതിനിധികളും ശത്രുനാഗാ പ്രതിനിധികളും തമ്മിലുള്ള ഒരു സംഭാഷണം രണ്ടുമണിക്കൂർ നേരം ദീർഘിച്ചു.

മേയ് 15—ാം തീയതി അവസാനിക്കുന്ന വെടി നിർത്തൽ കരാർ ലംഘനങ്ങളും സംബന്ധിച്ച പരാതികളും കൈകാര്യം ചെയ്യുന്നതിനായി പീസ് മിഷൻ പ്രവർത്തകർക്കുന്ന സമാധാന നീരീക്ഷക കമ്മറ്റിയുടെ പ്രവർത്തനം എന്നിവയെപ്പറ്റിയായിരുന്നു ഇന്നത്തെ സംഭാഷണത്തിലെ പ്രധാന ചർച്ചാ വിഷയമെന്നു് ഇന്ത്യാ ഗവണ്മെന്റ് പ്രതിനിധി സംഘം നേതാവായ മി. ഐ. സി. ഗ്രൺദേവ്യ പത്രലേഖകനോടു് പറഞ്ഞു. കൂടുതൽ ഒന്നും പറയാൻ അദ്ദേഹം കൂട്ടാക്കിയില്ല.

വെടി നിർത്തൽ കാലാവധി രണ്ടുമാസത്തേക്കുകൂടി നീട്ടുന്നതിനും ഇന്നു പുനരാരംഭിച്ച യോഗം തീരുമാനിക്കുകയുണ്ടായി.

പട്ടാളം ഇതിനകം വെടി നിർത്തൽ

തോട്ടങ്ങളിലെ പതിനായിരത്തിലധികം സ്റ്റാഫ് ജീവനക്കാർക്കു് ശമ്പളവർദ്ധന

കരാറിൽ ഒപ്പുവെയ്ക്കപ്പെട്ടു—ഈ നടപടി കരുതിക്കൂട്ടിയുള്ള ഒരു വഞ്ചനയാണെന്നു് രാമാനുജം

(പി ടി ഐ) കോയമ്പത്തൂർ, മേയ് 5

ഇന്നലെ രാത്രി ഇവിടെവെച്ചു് ദക്ഷിണേന്ത്യൻ യൂണൈറഡ് പ്ലാന്റേഴ്സ് അസ്സോസിയേഷനും ദക്ഷിണേന്ത്യൻ എസ്റ്റേറ്റ് സ്റ്റാഫ് യൂണിയനും തമ്മിൽ ഒപ്പുവെച്ച ഒരു കരാറനുസരിച്ചു്, മദിരാശി, കേരളം, മൈസൂർ എന്നിവിടങ്ങളിലുള്ള പ്ലാന്റേഷനുകളിലെ പതിനായിരത്തിലധികം സ്റ്റാഫ് ജീവനക്കാക്കു് ശമ്പളവർദ്ധന ലഭിക്കുന്നതാണു്. കരാറനുസരിച്ചു് 15—രൂപമുതൽ 50—രൂപവരെ മാസശമ്പളത്തിൽ വർദ്ധനവുണ്ടാകുമെന്നു് ഒരു യൂണിയൻ വക്താവു് പറഞ്ഞു.

ചായ, കോഫി, റബ്ബർ എന്നീ വ്യവസായങ്ങൾക്കായുള്ള വേജ്ബോർഡുകൾക്കു് ഈ കരാർ സമർപ്പിക്കുന്നതായിരിക്കും. കരാറനുസരിച്ചു് ഈ വർഷം ജനുവരി ഒന്നാംതീയതിമുതൽ ഡ്രൈവർമാർ ഉൾപ്പെടെയുള്ള സ്റ്റാഫ് ജീവനക്കാക്കു് ശമ്പളത്തിലും വർദ്ധനവുണ്ടായിട്ടുണ്ടു്. റിട്ടയർചെയ്യുന്ന പ്രായം 55—ൽനിന്നു് 56—ആക്കി ഉയർത്തി. ഈ കരാർ അഞ്ചുകൊല്ലത്തേക്കു് പ്രാബല്യത്തിലുണ്ടായിരിക്കും.

കരുതിക്കൂട്ടിയുള്ള വഞ്ചനയെന്നു് രാമാനുജം

എസ്റ്റേറ്റ് സ്റ്റാഫ് യൂണിയനും യൂണൈറഡ് പ്ലാന്റേഴ്സ് അസ്സോസിയേഷനും തമ്മിലുണ്ടാക്കിയിട്ടുള്ള ഈ കരാർ സ്റ്റാഫ് ജീവനക്കാരുടെ നേരെ നടത്തിയ കരുതിക്കൂട്ടിയുള്ള ഒരു വഞ്ചനയാണെന്നു് ഐ. എൻ. ടി. യു. സി. ജനറൽ സിക്രട്ടറിയും ചായത്തോട്ടവ്യവസായത്തിനുവേണ്ടിയുള്ള സെൻട്രൽവേജ്ബോർഡു് മെമ്പറുമായ മി. ജി. രാമാനുജം പ്രസ്താവിച്ചിരിക്കുന്നു.

ഐ. എൻ. ടി. യു. സി. യിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള എസ്റ്റേറ്റ് സ്റ്റാഫ് യൂണിയൻ കരുതിക്കൂട്ടിയുള്ള കരുനീക്കലിനുപിന്നിലുള്ള കുതന്ത്രം തിരിച്ചറിഞ്ഞു.